# വ്യാപാരകേരളം

സമ്പൂർണ മാസിക

പുസ്തകം 1 ലക്കം 6 പേജുകൾ 41 ഒക്ടോബർ 2020



- തെരഞ്ഞെടുത്ത കവിതകൾ
- ഡ്രീം ഓഫ് ലൈഫ്
- സമകാലികം
- വി.പി.ജോൺസിന്റെ കഥ

മുഖച്ചിത്രം: മുക്തവാര്യർ

# എഡിറ്റേഴ്സ് പേജ്



കോവിഡ് 19ന്റെ ഭയപ്പെടുത്തുന്ന വ്യാപന കണക്കുകൾ, അടച്ചുപൂട്ടലിലും തുറന്നുവെച്ച മനസുകൾക്ക് വ്യസനമുണ്ടാക്കുന്നവയാണ്. എവിടെയോ, എങ്ങനെയോ എന്നൊക്കെ ഉദാസീനപ്പെട്ടിരുന്ന നമ്മുടെ തൊട്ടരികെയെത്തി ആ മഹാമാരി. ഏറെ പേരെ കീഴ്പ്പെടുത്തുകയും ചെയ്തിരിക്കുന്നു.

കോവിഡിനു മുമ്പും കോവിഡ് കാലത്തും എന്നിങ്ങനെ ലോകജീവിതചക്രം പുനർനിർമിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. കോവിഡിനു ശേഷം എന്ന അനിശ്ചിതത്വവും മുന്നിലുണ്ട്.

നിർബന്ധിത ബന്ധനങ്ങൾ അയഞ്ഞിട്ടുണ്ട്. സമ്പൂർണ അടച്ചുപൂട്ടൽ പരിഹാരമല്ലെന്നും, ഉത്പാദനം പൂർണതോതിൽ തടസപ്പെടുന്നത് ദാരിദ്ര്യം ക്ഷണിച്ചുവരുത്തുമെന്നും തിരിച്ചറിഞ്ഞുള്ള ഇളവുകളോടെ ജീവിതം വീണ്ടും ചലനാത്മകമായിട്ടുണ്ട്. അതോടൊപ്പം മഹാമാരിക്കും കൂടുതൽ വ്യാപന സ്വാതന്ത്ര്യം കിട്ടി. കോവിഡിനൊപ്പമുള്ള ജീവിതം എന്നതല്ലാതെ മറ്റൊരു വഴിയും മുന്നിൽ കാണാതെ ലോകം.

മനുഷ്യരുമായി ബന്ധപ്പെട്ട എല്ലാറ്റിലും എന്നപോലെ, സർഗാത്മക പ്രവർത്തനങ്ങളിലും പ്രതിസന്ധിയുണ്ടേതാണ് പുലരുന്ന ദിനങ്ങൾ. ഇക്കാലയളവിലും ഏറെ എഴുതപ്പെടുന്നുണ്ടെന്ന് മാസികക്ക് ലഭിക്കുന്ന പ്രതികരണങ്ങൾ വെളിപ്പെടുത്തുന്നു. നല്ല രചനകൾ പൂർണമായും ഉൾപ്പെടുത്താൻ സാധിക്കുന്നില്ലെന്ന പരിമിതി, പ്രിയ എഴുത്തുകാരുമായി പങ്കുവെക്കട്ടെ.

എഴുതി തെളിഞ്ഞവർക്കൊപ്പം എഴുതി തുടങ്ങുന്നവർക്കും മാസികയിൽ ഇടം നൽകുന്നുണ്ട്. കൂടുതൽ ആഴമാർന്ന രചനകളിൽ വ്യാപൃതരാകാൻ, അവർക്കിതൊരു പരിശീലനകളരിയാകട്ടെ. സമീപകാലത്തൊന്നും നാം നേരിട്ടിട്ടില്ലാത്ത, ഇപ്പോൾ എത്തിപ്പെട്ടിരിക്കുന്ന ദുരിതദിനങ്ങൾ സമചിത്തതയോടെ മറികടക്കുവാൻ എഴുത്തും വായനയും തുണയാകുമെന്ന് ഉറപ്പിക്കാം.

**-സി.ആർ.രാജൻ,**
എഡിറ്റർ



**മുക്തവാര്യർ:** ആലപ്പുഴയിലെ ഹരിപ്പാട് സ്വദേശി. ഡൽഹി വാര്യർ സമാജത്തിന്റെ E-quaterly മയിൽപ്പീലിയുടെ ചീഫ് എഡിറ്റർ. പ്രമുഖ മാസികകളിൽ കവിതകളും യാത്രാവിവരണങ്ങളും എഴുതിയിട്ടുണ്ട്. ചെറുകഥകളും, ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭർത്താവു രാധാകൃഷ്ണൻ, മകൾ അനഘ (അമേരിക്കയിൽ പഠിക്കുന്നു). പ്രകൃതിയെ അറിഞ്ഞുള്ള യാത്രകളിലും, സാഹിത്യത്തിലും സംഗീതത്തിലും അഭിരുചി.

ഓഫീസ്:
**വ്യാപാരകേരളം**
(ഓൺലൈൻ മാസിക)
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**

ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:
**റയൻ ജോസഫ്**

# അകത്താളുകളിൽ

വി.പി.ജോൺസ് (കഥ): **പേജ് 4**, ഫ്രാങ്കോ ലൂയിസ് (സമകാലികം): **പേജ് 6,** കയ്യുമ്മു കോട്ടപ്പടി (കവിത): **പേജ് 10,** ദിവ്യ സി.ആർ (കവിത): **പേജ് 11,** തേജശ്രീ (റിഥം ഓഫ് ലൈഫ്): **പേജ് 12,** ലേഖ പ്രശാന്ത് (കവിത): **പേജ് 15,** ഡോ. സുകേഷ് (കവിത): **പേജ് 16,** അച്ചു ഹെലൻ (കവിത): **പേജ് 17,** അനീഷ് തലോറ (കവിത): **പേജ് 18**, ഡോ. ജിജി വി.വി (കവിത): **പേജ് 19**, അശ്വതി പി.കെ. (കവിത): **പേജ് 20,** സുരേഷ് നാരായണൻ (കവിത): **പേജ് 21,** റൂബി നിലമ്പൂർ (കഥ): **പേജ് 22,** സുജാത ശിവൻ (കവിത): **പേജ് 25,** സിന്റ സേവി (കവിത): **പേജ് 26,** രാമചന്ദ്രൻ പുറ്റുമാനൂർ (കവിത): **പേജ് 27,** സിന്ധു ഗാഥ (കവിത): **പേജ് 28,** വിനോദ് ചെത്തല്ലൂർ (കവിത): **പേജ് 29,** സിന്റി സ്റ്റാൻലി (കവിത): **പേജ് 30,** ഷമീമ തിരുവേഗപുറ (കവിത): **പേജ് 31,** സിന്ധു ആർ. (കവിത): **പേജ് 32,** ശ്രീദേവി കെ ലാൽ (കവിത): **പേജ് 33,** സന്ധ്യ ദേവദാസ് (കവിത): **പേജ് 34,** സലാഹുദീൻ പലങ്ങാട് (കവിത): **പേജ് 35,** മുക്ത വാര്യർ (കവിത): **പേജ് 36,** രമേശ് മങ്കര (കവിത): **പേജ് 38,** ശ്രീദേവി അമ്പലപുരം (കവിത): **പേജ് 39,** പ്രദീപ് അകത്തേത്തറ (കവിത): **പേജ് 40,** ശ്രീകുമാർ ചേർത്തല (കവിത): **പേജ് 41.**

## വിശിഷ്ടഗ്രന്ഥ പരിചയം

# സാഹിത്യകാര ഡയറക്ടറി

**പ്രസാ: കേരള സാഹിത്യ അക്കാദമി**




മലയാള സാഹിത്യകാരന്മാരുടെ വ്യക്തിവിവരങ്ങൾ ഹ്രസ്വരൂപത്തിൽ നൽകുന്ന ഗ്രന്ഥമാണ് കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച 'സാഹിത്യകാര ഡയറക്ടറി'. സി.പി.ശ്രീധരന്റെ നേതൃത്വത്തിൽ 1976ലാണ് ആദ്യപതിപ്പ് പുറത്തിറങ്ങിയത്. ഡോ. പി.വി.കൃഷ്ണൻനായർ ജനറൽ എഡിറ്ററും പി.ഭാസ്കരനുണ്ണി, ഡോ. എസ്.കെ. വസന്തൻ, പ്രൊഫ. എരുമേലി പരമേശ്വരൻപിള്ള, പ്രൊഫ. കെ.എസ്.പി.കർത്താ എന്നിവർ എക്സിക്യൂട്ടീവ് എഡിറ്റർമാരുമായി 2004-ൽ റിവൈസ്ഡ് എഡിഷൻ പ്രസിദ്ധീകരിച്ചു. രണ്ടാം പതിപ്പിലെ ഡോ. പി.വി.കൃഷ്ണൻനായരുടെ പ്രസാധകകുറിപ്പിൽനിന്ന്:

'മലയാളികളുടെ സാഹിത്യ സംസ്കാര വിജ്ഞാന ജീവിതത്തെ രൂപപ്പെടുത്തുന്നതിൽ ഗുരുതുല്യമായ പങ്ക് വഹിച്ചവർ എഴുത്തുകാരുടെ കൂട്ടത്തിൽ അനവധിയുണ്ട്. എന്നാൽ പോയകാലത്തെ പല ശ്രേഷ്ഠരായ എഴുത്തുകാരെക്കുറിച്ചും കൃത്യമായ വിവരങ്ങൾ ലഭിക്കാത്ത സ്ഥിതിയുണ്ട്. എഴുത്താകാശത്തിലെ ചെറുതും വലുതും നാനാവർണ പ്രകാശങ്ങളുമായ ഈ നക്ഷത്രങ്ങൾക്ക് അനന്തകാല വിസ്മയങ്ങൾ ഉണർത്താൻ കഴിയും. ഈ വിധം ഡയറക്ടറിയെപ്പറ്റി ചിന്തിക്കുമ്പോൾ വൈജ്ഞാനിക ശാഖയിൽ ഇതൊരു വലിയ കരുതൽ ശേഖരം തന്നെ.'



കഥ



വി.പി.ജോൺസ്

# ഡോണ്ട് ഗറ്റ് ഡൗൺ -ഹാർട്ടഡ്

അയാൾ അവളോടു സൗമ്യമായി ഉപദേശിച്ചു.

അതൊരു വല്ലാത്ത ഫിയർഫുൾ സ്റ്റോറിതന്നെയായിരുന്നില്ലേ ലെവിൻ?

ആയിരിക്കാം. അതുകൊണ്ടെന്ത്?

അയാൾ തിരിച്ചുരിയാടി.

പക്ഷേ അതിനുശേഷമല്ലേ ശാന്തമായ ഒരു പകലുദിച്ചത്?

ലെവിന്റെ സാന്ത്വനവചസ്സുകൾ ലെറ്റീഷയെ ശാന്തചിത്തയാക്കുന്നില്ല.

കഴിഞ്ഞുപോയതൊക്കെയും മനഃപൂർവ്വം മറന്നുവച്ചാൽ മാത്രമേ നമുക്കിരുവർക്കും സമാധാനമായി മുന്നോട്ടുപോകനാകൂ ലെറ്റീഷ.

ലെവിന്റെ വാക്കുകളിലെ ന്യായീകരണങ്ങളും ശാഠ്യസ്വരവുമൊക്കെ ലെറ്റീഷയെ ഒരു പുനർചിന്തനത്തിനു വിധേയയാക്കിയെന്നു തോന്നുന്നു.

പൊടുന്നനെ ക്ഷിപ്രവികാരാധീനയായി ചോദിക്കുന്നു:

ഞാൻ ഇനി എന്തുചെയ്യണമെന്നാണ് ലെവിൻ ആഗ്രഹിക്കുന്നത്? തുറന്നുതന്നെ പറഞ്ഞോളൂ.

അന്നേരംകൊണ്ട് പുറത്ത് കർക്കിടകമഴയുടെ അലറിപ്പെയ്ത്തും, ആർത്തട്ടഹാസവും വേലിയേറ്റവുമെല്ലാം പെട്ടെന്ന് ബ്രേക്കിട്ടതുപോലെ ശമിച്ചുകഴിഞ്ഞിരുന്നു.

ഇതിനിടയിലാണ് പൊടുന്നനവെ വാതിൽക്കൽ ആരോ മുട്ടുന്നതിന്റെ ശബ്ദം കേൾക്കുന്നത്.

സായാഹ്നം പിന്നിട്ടിട്ടു അല്പനേരമായി.

ലെറ്റീഷ പറഞ്ഞു:

ലെവിൻ പോയി ആ കതകൊന്നു തുറക്കൂ. ആരായിരിക്കാം ഈ നിശാരംഭത്തിൽ നമ്മളെ തിരക്കി ഇവിടെയെത്താൻ?

ലെവിൻ ചാരുകസേരയിൽ നിന്ന് ഉത്തരക്ഷണം ചാടിയെഴുന്നേറ്റ് ചെന്ന് അതിവേഗം കതക് തുറന്നു.

ആഗതനെ കണ്ടതും ലെവിൻ വിളറി. ആകെയൊന്നു പകച്ചുപോയി.

–ങ്ങ... ഇതാര്?....... മെൽവിനോ? എന്താ ഈ അസമയത്ത് താൻ ഇവിടെ വന്നുചേരാൻ കാര്യം? ഉദ്വേഗവും ഉൽക്കണ്ഠയും മുഖത്തു പ്രദർശിപ്പിക്കാതെ ലെവിൻ ചോദിച്ചു.

നിങ്ങൾ കതക് മുഴുവനായി തുറക്കൂ ലെവിൻ. ഞാനൊന്ന് അകത്തുകടക്കട്ടെ. അതിനുശേഷമാവാം എല്ലാം വിശദമായി വിശദീകരിക്കൽ. മെൽവിനെന്തോ സംശയം ജനിച്ചിരിക്കണം.

–എന്താണ് നിന്റെ ഈ അസമയത്തെ വരവിന്റെ ഉദ്ദേശ്യം? ഞങ്ങളെ മനഃപൂർവ്വം കുഴപ്പത്തി

ലേക്ക് വലിച്ചെറിയാൻ കല്പിച്ചുകൂട്ടിത്തന്നെയാണോ നീ വന്നിരിക്കുന്നത്? ആണോ? എങ്കിലതു വെളിപ്പെടുത്തിയിട്ടാവാം അകത്തുകടക്കൽ.

ലെവിൻ കർക്കശസ്വരത്തിൽ പറഞ്ഞു. ലെവിനും ആഗതനുമിടയിലെ ബഹളവും ഒച്ചവയ്ക്കലുകളും വാഗ്വാദങ്ങളും കേട്ടപ്പോൾ എന്തോ പന്തികേടുണ്ടെന്ന് ലെറ്റീഷ ഊഹിച്ചു.

പിന്നീടു ലെറ്റീഷയ്ക്ക് ഒട്ടും അടങ്ങിയിരിക്കാനായില്ല.

രണ്ടും കല്പിച്ചു ലെറ്റീഷ അവർക്കിടയിലേക്ക് കടന്നുചെന്നു.

എന്താ ലെവിൻ? എന്താ കാര്യം?

ആരാണിയാൾ?

ലെവിൻ ലെറ്റീഷയുടെ പെട്ടെന്നുള്ള ആരായൽ കേട്ടു ഒട്ടൊന്നു പകച്ചുപോയി. അയാളുടെ അമ്പരപ്പും പരിഭ്രമവും അന്ധാളിപ്പുമൊക്കെ കണ്ടപ്പോൾ തന്റെ ഊഹം അസ്ഥാനത്തല്ലെന്ന് ലെറ്റീഷയ്ക്കു ബോധ്യമായി.

എന്താണ് മെൽവിനെക്കുറിച്ച് ലെറ്റീഷയോടു പറയുക?

അതാലോചിച്ചപ്പോൾ ലെവിന്റെ ശബ്ദം തൊണ്ടയിലിരുന്നു വിയർത്തു.

വന്നയാൾ ആരാണെന്നാണ് ലെറ്റീഷയ്ക്കറിയേണ്ടത്? മിയാമിയുടെ ബ്രദറാണ് ഈയാൾ എന്നോ? മെൽവിൻ അതു കേട്ടിട്ട് മിണ്ടാതിരിക്കുമെന്നു തോന്നുന്നുണ്ടോ? ഉവ്വോ? ഉൽക്കണ്ഠയുടെ അഗ്നിയിൽ നിപതിച്ചെങ്കിലും ലെയിൻ പ്രത്യുല്പന്നമതിത്വം കൈവരിച്ചുകൊണ്ടു ഒരുവിധം പറഞ്ഞൊപ്പിച്ചു.

ഇത് എന്റെയൊരു അടുപ്പക്കാരനാണ്-പേര് മെൽവിൻ.

മെൽവിൻ മിയാമിയുടെ സ്വന്തം സഹോദരനാണെന്നറിഞ്ഞാൽ ലെറ്റീഷ സ്വാഭാവികമായും ഒരു ചോദ്യം ചോദിക്കാതിരിക്കില്ല.

ആരാണീ മിയാമി? ലെവിനുമായിട്ടു ആ സ്ത്രീക്ക് എന്താണു ബന്ധം?

ഒരുപാടു ചോദ്യങ്ങൾ ലെറ്റീഷ കുത്തിക്കുത്തി ചോദിച്ചുകളയും.

അപ്പോൾ എന്തുപറയണം?

ലെവിന്റെ ഉള്ളിൽ കിടന്ന് ഒരുപാടു ചിന്തകൾ തിളച്ചു.

ലെവിനെയും കാത്തുകാത്ത് കണ്ണീരുതിർത്ത് സ്വന്തം ഗ്രാമത്തിലെ കൊച്ചുവീട്ടിൽ കുഞ്ഞുമോളുമൊത്ത് കഴിച്ചുകൂട്ടുന്ന മിയാമി. താൻ താലികെട്ടിയ ഭാര്യയാണ് മിയാമിയെന്നു വെട്ടിത്തുറന്നങ്ങു പറഞ്ഞാലോ?

എന്തായിരിക്കാം ലെറ്റീഷയുടെ തൽക്ഷണ പ്രതികരണം?

ലെവിൻ ആകെ ധർമ്മസങ്കടത്തിൽപെട്ടു കുഴങ്ങി.

ലെവിൻ ഒരുപാടു ശങ്കകൾ മനസ്സിലകത്തിട്ടു പഴുപ്പിച്ചെടുക്കുകയാണ്.

എല്ലാം കേട്ടുകഴിയുമ്പോൾ ലെറ്റീഷക്കുണ്ടാകാവുന്ന ഞെട്ടലും സംഭ്രമവും വയർഎരിച്ചലുമൊക്കെ ആർക്കെങ്കിലും ഊഹിച്ചെടുക്കാൻ കഴിയുമോ? മനോവിഭ്രമം കൊണ്ടു ലെറ്റീഷ എന്തെങ്കിലും ഒപ്പിച്ചുകളയുമോ? പക്ഷേ അങ്ങനെയൊന്നും ഉണ്ടാവാനിടയില്ല.

താൻ ഭർത്തൃമതിയായ ഒരുവളാണെന്ന ധർമ്മവിചാരമൊന്നും ലെറ്റീഷക്കുണ്ടാകുമെന്നു കരുതേണ്ടതില്ലല്ലോ? സ്വന്തം ഭർത്താവിനെയും, വത്സലരായ പിഞ്ചുകുഞ്ഞുങ്ങളേയും നിർദ്ദയം ഉപേക്ഷിച്ചുകളഞ്ഞിട്ടല്ലേ ലെറ്റീഷ ഈ സാഹസത്തിനു ഒരുമ്പെട്ടതുതന്നെ. രഹസ്യ സമാഗമം തന്നെ ആസൂത്രണം ചെയ്തതും ലെറ്റീഷയല്ലാതെ മറ്റാര്?

പൊടുന്നനെ ലെറ്റീഷയുടെ ഉരത്തസ്വരം ഞൊടിയിടയിൽ ലെവിന്റെ കർണ്ണപുടങ്ങൾ തുളച്ചു.

ചോദിച്ചതു കേട്ടില്ലേ ലെവിൻ?

എന്താണ് നിങ്ങൾ ആലോചിച്ചുകൂട്ടുന്നത്?

ആരാണീ മിയാമി?

ആ മെൽവിൻ എന്നയാൾ എന്തിനാണിപ്പോൾ നമുക്കിടയിൽ വന്നുചാടിയിരിക്കുന്നത്? ഏങ്ങ്? എല്ലാം ഞാൻ കേട്ടുകഴിഞ്ഞിരിക്കുന്നു.

ലെവിൻ അതോടെ വല്ലാതെ ക്ഷുഭിതനായി.

അയാൾ കർക്കശസ്വരത്തിൽ ലെറ്റീഷയോടു നിർദേശിച്ചു:

ലെറ്റീഷ ദയവായി അകത്തേക്കു പോകൂ. പ്ലീസ്...

ഞാൻ മെൽവിനോടൊന്നു സംസാരിക്കട്ടെ, സ്വൈരമായി.

ലെറ്റീഷ അനുസരണയുള്ള ഒരു കിന്റർഗാർട്ടൻ കുഞ്ഞിനെപ്പോലെ ലെവിനെ അനുസരിച്ചു.

പക്ഷേ തന്റെ ഉൾക്കണ്ണ് അവൾ അവർക്കിടയിൽ തന്നെ സൂക്ഷിച്ചുവെക്കാൻ മറന്നില്ല.

അനന്തരം ലെവിൻ ആവുന്നത്ര സ്വരം താഴ്ത്തി മെൽവിനോടു കെഞ്ചി.

നീയിപ്പോൾ പോകൂ മെൽവിൻ. എനിക്ക് കമ്പനിസംബന്ധമായി ഒരുപിടി വിഷയങ്ങൾ ലെറ്റീഷയോടു ചർച്ച ചെയ്യാനുണ്ട്. കമ്പനിയാകെ ലിക്വിഡേറ്റുചെയ്യപ്പെടാനുള്ള സാധ്യത എനിനക്കറിയാത്തതല്ലല്ലോ മെൽവിൻ?

പക്ഷേ മെൽവിൻ ലെവിന്റെ അവതാപറച്ചിൽ കേട്ടു തിരിച്ച് ഉച്ചത്തിൽ ചോദിക്കുന്നു:

നിങ്ങൾ ആരാണെന്നും, എത്തരക്കാരനാണെന്നും എനിക്കറിയാത്തതല്ലല്ലോ, പക്ഷേ ആ പാവംപിടിച്ച മിയാമിക്കറിയില്ലല്ലോ നിങ്ങളുടെ വേഷം കെട്ടലുകൾ? ആ സാധുവിന്റെ സങ്കടം സഹിക്കാതെയാണ് ഞാൻ നിങ്ങളുടെ ഒളിവിടം തേടി എത്തിയത്?

പറയൂ. ഞാനെന്തുപറയണം മിയാമിയോട്?

-മെൽവിൻ പൊടുന്നനെ തിരിച്ചുനടക്കാൻ തുടങ്ങി.

ലെവിൻ ആകെ കലങ്ങിമറിഞ്ഞപുഴയായി.

●




# പത്മവ്യൂഹത്തിൽ



ഫ്രാങ്കോ ലൂയിസ്


അന്വേഷണങ്ങളുടെ കുന്തമുനകളിൽ ഇനി ആരെല്ലാം കുടുങ്ങും? ആരോപണങ്ങളുടെ പത്മവ്യൂഹത്തിലാണു കേരളത്തിലെ ഇടതുമുന്നണി സർക്കാർ. ആരോപണങ്ങളും അന്വേഷണങ്ങളും എതിർത്തും തുണച്ചുമുള്ള പ്രക്ഷോഭങ്ങളും മുഖ്യവിശേഷങ്ങൾ.

വരാനിരിക്കുന്നതു കുറേക്കൂടി ത്രില്ലടിപ്പിക്കുന്ന സീനുകളാണ്. സിബിഐക്കെതിരേ എൽഡിഎഫ് സർക്കാർ വക പ്രക്ഷോഭങ്ങൾ മുതൽ നിയമയുദ്ധം വരെ കാണാം.

എല്ലാം ദേശീയ തലത്തിൽ ചർച്ചയാകാനിരിക്കുകയാണ്. കഴിഞ്ഞ വർഷം പശ്ചിമ ബംഗാളിൽ മമതാ ബാനർജി പയറ്റിയ അഭ്യാസമാണ് പലരുടേയും മനസിലേക്ക് ഓടിവരുന്നത്. മമതയുടെ തൃണമൂൽ കോൺഗ്രസ് നേതാക്കൾ പ്രതികളായ ശാരദാ ചിട്ടി തട്ടിപ്പു കേസാണ് അവിടെ പ്രമാദമായത്. കേസന്വേഷിച്ച് തൃണമൂലുകാർക്കെതിരായ തെളിവുകളെല്ലാം ഒതുക്കിയ കൊൽക്കത്ത പോലീസ് കമ്മീഷണർ രാജീവ്കുമാറിനെ ചോദ്യം ചെയ്യാനും കസ്റ്റഡിയിലെടുക്കാനും എത്തിയതായിരുന്നു സിബിഐ ഉദ്യോഗസ്ഥർ. ഒന്നും രണ്ടും പേരല്ല, ഇരുപത്തഞ്ചോളം പേർ. രാത്രിയിലായിരുന്നു ആ വരവ്. അവരെ രായ്ക്കു രാമാനം കസ്റ്റഡിയിലെടുത്ത് രണ്ടു പോലീസ്

സ്റ്റേഷനുകളിലെ ലോക്കപ്പിലിട്ടു. അവരുടെ ഫോണുകളെല്ലാം പോലീസ് കസ്റ്റഡിയിലെടുത്തു. പിറ്റേന്ന് വൈകുന്നേരം സിആർപിഎഫ് എത്തി മോചിപ്പിക്കുമെന്ന അവസ്ഥയായതോടെയാണ്  മമതയുടെ പോലീസ് അവരെ വിട്ടയച്ചത്. സുപ്രീം കോടതി ഇടപെട്ടു. ചോദ്യം ചെയ്യലിനു രാജീവ്കുമാറിനെ വിട്ടുകൊടുക്കേണ്ടിവന്നു. ഒടുവിൽ മമതാ ദീദി അടിയറവു പറയേണ്ടിവന്നതും നാം കണ്ടതാണ്.

അതിന്റെ തനിയാവർത്തനം ആകില്ല കേരളത്തിൽ. കുറേക്കൂടി ഉശിരുള്ള പോരാട്ടം തന്നെ പ്രതീക്ഷിക്കാം. കൊൽക്കത്ത പോലീസ് കമ്മീഷണറെ കളത്തിലിറക്കിയാണ് ബംഗാൾ മുഖ്യമന്ത്രി മമത കളിച്ചതെങ്കിൽ ഇവിടെ സാക്ഷാൽ മുഖ്യമന്ത്രിതന്നെയാണ് പടനായകൻ. 'എന്നെ ചോദ്യം ചെയ്യാമെന്ന പൂതി മനസിൽവച്ചാൽ മതി'യെന്ന് മാധ്യമങ്ങളോടു പറഞ്ഞ മുഖ്യമന്ത്രിയെ ചോദ്യം ചെയ്യലിനു വിധേയനാക്കുകയെന്നതു ബിജെപിയുടെ രാഷ്ട്രീയ അജണ്ടയാണ്. ചെറുക്കേണ്ടത് സിപിഎമ്മിന്റേയും എൽഡിഎഫിന്റേയും.



തത്കാലം കെട്ടടങ്ങില്ല, ഈ കോലാഹലങ്ങൾ. അടുത്ത ഏഴു മാസം ഇതെല്ലാം പൊലിപ്പിച്ചു നിർത്തേണ്ടത് എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും ആവശ്യമാണ്. തദ്ദേശ സ്ഥാപനങ്ങളിലേക്ക് അടുത്ത മാസവും നിയമസഭയിലേക്കു മേയ് മാസത്തിലും നടക്കാനിരിക്കുന്ന തെരഞ്ഞെടുപ്പു തന്നെയാണ് ലക്ഷ്യം. തെരഞ്ഞെടുപ്പുകളിൽ വിജയം തങ്ങൾക്കൊപ്പമാക്കാനുള്ള രാഷ്ട്രീയ ചതുരംഗക്കളി കൂടിയാണിത്.

കോവിഡ് മഹാമാരിയെ ഏണിപ്പടിയാക്കി ഭരണത്തുടർച്ച എന്ന ലക്ഷ്യത്തിലേക്ക്  വച്ചടിവച്ചടി കയറിപ്പോകുകയായിരുന്നു എൽഡിഎഫ് സർക്കാർ. ദുരിതാശ്വാസവും വികസന മേമ്പൊടികളും വൈകുന്നേരം ആറിനുള്ള വാർത്താസമ്മേളനങ്ങളും ഊന്നുവടികളാക്കി. ഈ പോക്കു കണ്ട് ഏറ്റവുമേറെ വിറളി പിടിച്ചുപോയത് മുഖ്യകസേര സ്വപ്നം കണ്ടു നടക്കുന്ന പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയാണ്.

അങ്ങനെയിരിക്കേയാണ് സ്വപ്നക്കുടത്തിൽ സ്വർണം വീണ് തുളയായത്. ദിവസങ്ങൾ പിന്നിടുന്തോറും തുളകളുടെ എണ്ണം വർധിച്ചു. സ്വർണക്കടത്ത്, മതഗ്രന്ഥ കടത്ത്, ലൈഫ് മിഷൻ തട്ടിപ്പ്, നിയമവിരുദ്ധമായി വിദേശ ഫണ്ട് സ്വീകരിക്കൽ, തീവ്രവാദ- രാജ്യദ്രോഹ പ്രവർത്തനങ്ങൾക്കു ധനസഹായം എന്നിങ്ങനെ സ്വപ്നം കാണാൻപോലും കഴിയാത്തത്രയും കനമുള്ള കേസുകൾ. ലൈഫ് മിഷനിൽ നാലര കോടിരൂപയുടെ സാമ്പത്തിക തിരിമറി കേസ് വേറേയും. 20 കോടി രൂപയുടെ പദ്ധതിയിൽ നാലര കോടി രൂപ കമ്മീഷൻ നൽകിയിട്ടുണ്ടെന്നാണ് സാമ്പത്തിക തിരിമറിക്കേസ്.

മതഗ്രന്ഥങ്ങളും റംസാൻ സക്കാത്തും കൈകാര്യം ചെയ്തതിനു ചോദ്യം ചെയ്യലിനു പലതവണ വിധേയനായ മന്ത്രി കെ.ടി. ജലീലിനേക്കാൾ വലിയ കുരുക്കാണ് മുഖ്യമന്ത്രി പിണറായി വിജയനെ കാത്തിരിക്കുന്നത്. നിയമവിരുദ്ധമായി 20 കോടി രൂപയുടെ വിദേശ പണം സ്വീകരിച്ച ലൈഫ് മിഷന്റെ ചെയർമാനാണ് അദ്ദേഹം. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി എ.സി. മൊയ്തീൻ വൈസ് ചെയർമാനും യു.വി. ജോസ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും. ഇവരെല്ലാം സിബിഐ ഏറ്റെടുത്ത കേസിന്റെ അന്വേ

ഷണ പരിധിയിൽ വരും. എൻഐഎ, കസ്റ്റംസ്, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് എന്നീ കേന്ദ്ര ഏജൻസികൾക്കു പുറമേയാണ് സിബിഐയുടെകൂടി അന്വേഷണം.

നിലവിലുള്ള മാനദണ്ഡങ്ങൾ പാലിക്കാതെയാണ് സിബിഐ അന്വേഷണം ഏർപ്പെടുത്തിയതെന്നാണ് എൽഡിഎഫ് സർക്കാരിന്റെ വാദം. ഹൈക്കോടതിയുടേയോ സുപ്രീം കോടതിയുടേയോ ഉത്തരവിന്റെ അടിസ്ഥാനത്തിലോ കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ നിർദേശം അനുസരിച്ചോ മാത്രമേ സിബിഐ കേസ് ഏറ്റെടുക്കാവൂ. അതു പാലിക്കപ്പെട്ടില്ല.

അനിൽ അക്കര എംഎൽഎ നൽകിയ പരാതിയിലാണ് സിബിഐ അന്വേഷണമെന്ന് കോൺഗ്രസ് വാദിക്കുന്നു. എന്നാൽ നിയമവിരുദ്ധ ഇടപാടുകളെക്കുറിച്ച് സിബിഐ അന്വേഷണം വേണമെന്ന് കസ്റ്റംസും എൻഫോഴ്സ്മെന്റും എൻഐഎയും ഒരുപോലെ അഭ്യന്തര മന്ത്രാലയത്തിനു റിപ്പോർട്ടു നൽകിയിരുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സിബിഐ അന്വേഷണം. രാജ്യരക്ഷയുമായി ബന്ധപ്പെട്ട കേസുകൂടി നിലവിലുള്ളതിനാൽ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലിന്റെ ഓഫീസ് ഈ കേസുകളെല്ലാം സസൂക്ഷ്മം നിരീക്ഷിച്ചുവരികയാണ്. നാല് അന്വേഷണ ഏജൻസികളോടും റിപ്പോർട്ടു ഫയൽ ചെയ്യാൻ നിർദേശിച്ചിട്ടുമുണ്ട്.

ലൈഫ് മിഷൻ ഇടപാടുകളിലേക്ക് അന്വേഷണവുമായി സിബിഐ വരുമെന്ന് ഉറപ്പായതോടെയാണ് സംസ്ഥാന സർക്കാർ വിജിലൻസ് പ്രാഥമിക അന്വേഷണം പ്രഖ്യാപിച്ചത്. രണ്ടു ദിവസം കഴിഞ്ഞപ്പോഴേക്കും സിബിഐ അന്വേഷണവും പ്രഖ്യാപിച്ചു. റെയ്ഡും തുടങ്ങി. അന്നു രാത്രിക്കു രാത്രി വിജിലൻസ് പോലീസ് സെക്രട്ടേറിയറ്റിലെ തദ്ദേശ സ്വയംഭരണ വകുപ്പിലെത്തി ലൈഫ് മിഷൻ ഫയലുകളെല്ലാം കസ്റ്റഡിയിലെടുത്തു. പ്രാഥമിക അന്വേഷണത്തിന് ഫയലുകളുടെ പകർപ്പു മാത്രം മതിയായിരുന്നു. എന്നാൽ, സിബിഐക്കു ഫയലുകൾ വിട്ടുകൊടുക്കാതിരിക്കാനാണ് വിജിലൻസിന്റെ ഈ ഫയൽ കടത്തെന്നാണ് ആരോപണം.

ലൈഫ് മിഷൻ കേസിൽ നിർമ്മാണ കമ്പനിയായ യൂണിടാകിന്റെ ഉടമ സന്തോഷ് ഈപ്പനിൽ നിന്ന് നിരവധി രേഖകൾ സിബിഐ പിടിച്ചെടുത്തിട്ടുണ്ട്. കമ്മീഷൻ നൽകിയതിന്റേയും ഭൂമിയിടപാടിന്റേയും രേഖകൾ ഇക്കൂട്ടത്തിലുണ്ട്.

സിബിഐ അടക്കമുള്ള ഏജൻസികളുടെ അന്വേഷണം പുരോഗമിക്കുമ്പോൾ ഈ രേഖകൾ ആവശ്യപ്പെടും. സംസ്ഥാനം വിട്ടുകൊടുക്കുമോ? വിട്ടുകിട്ടാൻ നിയമപോരാട്ടംതന്നെ വേണ്ടിവരുമോ? ആരെയൊക്കെ ചോദ്യം ചെയ്യും? ആരൊക്കെ പ്രതികളാകും? ബഹുജന മുന്നേറ്റം ഒരുക്കി സിബിഐയെ ചെറുക്കുമെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ തന്നെ പറഞ്ഞു കഴിഞ്ഞു.

അതേ, ഏറ്റുമുട്ടൽ തുടങ്ങിക്കഴിഞ്ഞു.

ഇതിനിടയ്ക്കാണ് ബിനീഷ് കോടിയേരിക്കെതിരേ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ കേസ്. കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമപ്രകാരമാണു കേസ്. ബിനീഷിന്റെ സ്വത്തുവകകൾ മരവിപ്പിക്കാനുള്ള നടപടികളും ആരംഭിച്ചു. ബംഗളൂരു കേന്ദ്രീകരിച്ചുള്ള മയക്കുമരുന്നു കേസിലെ പ്രതിയുമായുള്ള അടുത്ത ബന്ധവും സാമ്പത്തിക ഇടപാടുകളുമാണ് ബിനീഷിനെ ഇത്തവണ കുടുക്കിയത്.

## *വിശ്വാസമില്ല*

പാർലമെന്റ് പാസാക്കിയ കർഷക ബില്ലുകൾക്കെതിരേ രാജ്യവ്യാപകമായ പ്രതിഷേധമാണ്. പിറകേ നിയമപോരാട്ടവും. കേരളത്തിനു പുറമേ, പഞ്ചാബ്, രാജസ്ഥാൻ, ചത്തീസ്ഗഡ് എന്നീ സംസ്ഥാനങ്ങളും നിയമത്തിനെതിരേ സുപ്രീം കോടതിയെ സമീപ്പിക്കുകയാണ്. സംസ്ഥാനങ്ങളുടേയും കേന്ദ്ര സർക്കാരിന്റേയും സംയുക്ത കൺകറന്റ് ലിസ്റ്റിൽ ഉൾപെട്ട കൃഷിയെ കേന്ദ്രം പിടിച്ചെടുത്തിരിക്കുകയാണെന്ന കാണാക്കഥയും കാർഷിക ബില്ലുകൾക്കു പിറകിലുണ്ട്. കേന്ദ്ര നടപടി ഭരണഘടനാ വിരുദ്ധമെന്നു വ്യാഖ്യാനിക്കുന്നവരും ഉണ്ട്.

കാർഷിക ബില്ലുകളിൽ പ്രതിഷേധിച്ച് ശിരോമണി അകാലി ദൾ എൻഡിഎ സഖ്യം വിട്ടു. 23 വർഷമായുള്ള ബിജെപി ബന്ധമാണ് ഇല്ലാതാകുന്നത്. കേന്ദ്ര മന്ത്രിസഭയിൽനിന്ന് നേരത്തെ ഹർസിമ്രത്ത് കൗർ രാജിവച്ചിരുന്നു. കാർഷിക വിളകൾക്ക് താങ്ങുവില ഉറപ്പ് നൽകാത്തതിലും പഞ്ചാബ്, സിഖ് വിഷയങ്ങളിൽ

കേന്ദ്ര സർക്കാർ അലംഭാവം കാട്ടുന്നതിലും പ്രതിഷേധിച്ചാണ് മുന്നണി വിട്ടത്. ലോക്സഭയിൽ ബിജെപിക്ക് ഒറ്റയ്ക്കു ഭൂരിപക്ഷമുള്ളതിനാൽ ഇവർ മുന്നണി വിട്ടുപോയത് എൻഡിഎ ഗൗനിച്ചിട്ടേയില്ല.

ലോക്സഭയിൽ രണ്ടും രാജ്യസഭയിൽ മൂന്നും പഞ്ചാബ് നിയമസഭയിൽ പതിനാലും അംഗങ്ങളുള്ള പാർട്ടിയാണ് മുന്നണി വിട്ടത്.

കാർഷിക ബില്ലുകൾക്കെതിരേ ട്രെയിനും റോഡ് ഗതാഗതവും തടഞ്ഞാണു കർഷകർ സമരം നടത്തിയത്. കോൺഗ്രസിന്റെ നേതൃത്വത്തിൽ രാജ്ഭവൻ മാർച്ചും നടത്തി. ഗാന്ധിജയന്തി ദിനത്തിൽ കർഷക രക്ഷാദിനമായി ആചരിക്കുകയാണ്.

കർഷക ക്ഷേമം ഉറപ്പാക്കാൻ എന്ന പേരിൽ മൂന്നു നിയമങ്ങളാണ് കേന്ദ്ര സർക്കാർ പാസാക്കിയത്. കർഷകർക്കു ഗുണം ചെയ്യുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ആണയിടുമ്പോഴും രാജ്യത്തെ കർഷകർക്കു വിശ്വാസമില്ല. പല വാഗ്ദാനങ്ങളും വീൺവാക്കുകളായിരുന്നു. കോർപറേറ്റ് പ്രീണനം മാത്രമാണ് അവരുടെ അനുഭവം. അതുകൊണ്ടാണ് വിശ്വാസമില്ലാത്തത്.

കാർഷികോൽപന്നങ്ങൾ എവിടേയും വിറ്റഴിക്കാൻ അനുമതി നൽകുന്നതാണു കാർഷികോൽപന്ന വ്യാപാര വാണിജ്യ ബിൽ. കാർഷികോൽപന്നങ്ങളിൽ സംസ്ഥാനങ്ങൾ നികുതി ചുമത്തുന്നത് ഈ നിയമത്തിലൂടെ നിരോധിച്ചിട്ടുണ്ട്. കർഷകനു വിപണി വിശാലമായി തുറന്നുകിട്ടുന്നതോടെ കൂടുതൽ വിലയ്ക്കു വിൽക്കാനുള്ള അവസരം ലഭിക്കുമെന്നാണ് സർക്കാരിന്റെ വാദം.

ഒരു സീസണിലേക്കോ അഞ്ചു വർഷത്തേക്കോ കരാർ കൃഷി അനുവദിക്കുന്ന കർഷക ശാക്തീകരണ സംരക്ഷണ നിയമമാണ് രണ്ടാമത്തേത്. കാർഷികോൽപന്നങ്ങൾ വാങ്ങാൻ താൽപര്യമുള്ളവർക്ക് കർഷകരുമായി കരാറുണ്ടാക്കാം. ഇത്ര രൂപ നിരക്കിൽ ഉൽപന്നങ്ങൾ വാങ്ങാമെന്ന കരാറനുസരിച്ച് കർഷകനു വരുമാനം കൂടുതൽ ലഭിക്കും. വൻ കോർപറേറ്റുകൾ കാർഷിക മേഖലയെ നിയന്ത്രിക്കുന്ന ദുസ്ഥിതിയുണ്ടാകുമെന്നാണ് വിമർശകർ പറയുന്നത്.

കാർഷികോൽപന്നങ്ങൾ യഥേഷ്ടം സംഭരിച്ചുവയ്ക്കാൻ അനുമതി നൽകുന്ന അവശ്യ സാധന ഭേദഗതി നിയമമാണ് മൂന്നാമത്തേത്. വൻകിട കോർപറേറ്റുകൾക്ക് കാർഷികോൽപന്നങ്ങൾ വാങ്ങിക്കൂട്ടി വില കൂട്ടി വിൽക്കാനുള്ള കരിഞ്ചന്തയെ പ്രോൽസാഹിപ്പിക്കുമെന്നാണു ഈ നിയമത്തിനെതിരായ വിമർശനം.

താങ്ങുവില ഇല്ലാതാകുമെന്നാണു കർഷകരുടെ ആശങ്ക. സർക്കാരിന്റെ ഭക്ഷ്യധാന്യ സംഭരണവും ഇല്ലാതാകും. ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്ന ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യയെയും കേരളത്തിൽ റേഷൻ കടകൾ എന്നറിയപ്പെടുന്ന പൊതുവിതരണ സമ്പ്രദായത്തേയും ഘട്ടംഘട്ടമായി ഇല്ലാതാക്കാനുള്ള ശ്രമം പ്രധാനമന്ത്രി നരേന്ദ്രമോദിയുടേതു മാത്രമല്ല. കോൺഗ്രസ് ഗവൺമെന്റുകൾ അടക്കം രണ്ടു ദശാബ്ദങ്ങളായി അതിനുള്ള ശ്രമങ്ങളുണ്ട്.

കോവിഡിന്റെ കെടുതിക്കാലത്ത് രാജ്യത്തെ പാവപ്പെട്ട ജനങ്ങൾക്ക് അൽപമെങ്കിലും ആശ്വാസം പകർന്നത് കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകിയ റേഷനരിയാണ്. തൊഴിലും വരുമാനവും ഇല്ലാതായ ഇക്കാലത്ത്, ഏപ്രിൽ മുതൽ ജൂൺ വരെയുള്ള ത്രൈമാസത്തിൽ രാജ്യത്തിന്റെ ജിഡിപി 23.9 ശതമാനമാണു കുറഞ്ഞത്. അഞ്ചു വർഷമായി കുറഞ്ഞുകൊണ്ടിരുന്ന വളർച്ചാനിരക്ക് കൂപ്പുകുത്തി. ലോക് ഡൗണിലെ ഉത്തേജന പ്രഖ്യാപനങ്ങൾ സാധാരണ ജനങ്ങൾക്കു ലഭ്യമല്ലാത്ത പൊള്ളവാക്കുകളായി. വായ്പാ മോറട്ടോറിയം പോലും നടപ്പാക്കാൻ കഴിഞ്ഞില്ല. കേസ് സുപ്രീം കോടതിയുടെ പരിഗണനയിലാണ്.

പുതിയ നിയമങ്ങൾ രാജ്യത്തെ 130 കോടി ജനങ്ങളെ ഊട്ടുന്ന, അടിസ്ഥാന വർഗമായ കർഷകരുടെ വംശനാശത്തിന് ഇടയാക്കാതിരിക്കട്ടെ. ●

കവിത



# നിറക്കൂട്ടിലൊളിച്ചവൾ

പിറന്നയും പിന്നെയും
വരകളെ സ്നേഹിച്ചു
കൊണ്ടിരുന്നു.
എത്ര വരച്ചാലും
ഇതളുകൾ അവസാനിക്കുന്നില്ല
പൂവിന് തൃപ്തിയാവില്ല

ഭാവന കൊണ്ട്
പ്രണയത്തെ വരച്ചെടുത്ത്
നിറക്കൂട്ടുകൾ ചാലിച്ച്
മനസ്സിന്റെ കണ്ണാടി നോക്കി,
ആരാണിതെന്ന് ഞാൻ
എന്നോട് തന്നെ ചോദിക്കുന്നു:

നിലയ്ക്കാത്ത ഘടികാരത്തിലേക്ക്
നോക്കി ഞാൻ
സമയാസമയം
സ്വയം ചിന്തിക്കും.
എത്ര കൂട്ടിയാലും
തികയാത്ത ജീവിതത്തിന്റെ നിറക്കൂട്ടിൽ എന്നെ
ഞാനൊളിപ്പിക്കുമ്പോൾ ...

തൃപ്തിയാവാത്ത ഭാവനകൾ മുളയിട്ട്, കൂമ്പിട്ട്
പിന്നെയും പിന്നെയും
പൂവുകൾ
വരഞ്ഞു കൊണ്ടേയിരിക്കും.

ഒരു പൂവ് മാത്രമൊ?
വെറും ഒരു പൂവ്.



കയ്യുമ്മു കോട്ടപ്പടി

കവിത


# ഒരിക്കൽ കൂടി..

അസ്വസ്ഥമായ മനസ്സിൽ
ഗർഭം പേറിയ ചിന്തകൾ
പൂർണ്ണവളർച്ചയെത്താതെ
ചാപിള്ളകളായി പിറന്നു-
വീഴുന്നുണ്ടീ വെള്ളിവെയിൽ
വെളിച്ചം പരക്കും മൺതരികളിൽ.
പ്രണയമൊരുന്മാദമായി-
പ്പടരും ചിന്തകൾക്കുത്തരം
തേടുവാനാകാതെ..

എന്നെയും നിന്നെയും തളച്ചിടു-
ന്നുണ്ടൊരു ഭ്രാന്തിൻ ചങ്ങല !
ഹൃദയം പൊട്ടുമൊരലർച്ചയാൽ
ഓർമ്മകൾക്കൊരിരുൾമറ തീർത്തിടേണം.
അത്രമേലാഴത്തിൽ മുറിവേ-
ൽക്കുമെന്നറിഞ്ഞിട്ടും ആർദ്രമാം
പ്രണയക്കുളിരിൽ, ഒരിക്കൽ കൂടി
നനയാതെ പോകുവതെങ്ങനെ..?



ദിവ്യ സി ആർ





# സംഘർഷം മാത്രമല്ല, സംഗീതവുമുണ്ട് കാഷ്മീരിൽ

**ഭൂമിയുടെ ഉദ്യാനങ്ങളിലൊന്നാണ് കാഷ്മീർ. മഞ്ഞും തടാകങ്ങളും നിറങ്ങളും നിറഞ്ഞ കാഷ്മീർ. സഞ്ചാരികളുടെ സ്വർഗം. എന്നാൽ അവിടെനിന്ന് അധികവും കേൾക്കുന്നത് സുന്ദരശബ്ദങ്ങളല്ല. കേൾക്കാതെപോകുന്ന ആ ശബ്ദങ്ങളെക്കുറിച്ച്....**




തേജശ്രീ

**വാ**ർത്തകളിൽ നിറയുകയാണ് ഇപ്പോഴും കാഷ്മീർ. ഒരുവശത്ത് പാക്കിസ്ഥാൻ തീതുപ്പൽ തുടരുന്ന രജൗറിയിൽ ചൂഴ്ന്നുനിൽക്കുന്ന ആശങ്ക. പുൽവാമയിലും പ്രശ്നങ്ങൾ. കൂടുതൽ മേഖലകളിൽ അധീശത്വമുറപ്പിക്കാൻ അപ്പുറത്തുനിന്ന് ചൈന. ഇതിനിടെ ഡ്രോണുകളേറി പറന്നുവരുന്ന ആയുധങ്ങൾ...

പ്രപഞ്ചമൊരുക്കിയ ഉദ്യാനത്തിൽ എന്നാണിനി പൂക്കൾ സന്തോഷത്തോടെ ചിരിക്കുന്നത്! സംഘർഷമൊഴിഞ്ഞൊരു സുരഭില കാലം എന്നുവരും!!

ഓർക്കുക, കാഷ്മീരിന് വലിയ പാരമ്പര്യമുള്ള സുന്ദരശബ്ദങ്ങളുണ്ട്. സംഗീതം അവിടെ വീഴുന്ന ഓരോ മഞ്ഞുതുള്ളിയിൽപ്പോലും ചിരിക്കുന്നുണ്ട്. മലകളിലൊഴുകി പഹാഡി രാഗശീലുകൾ... ചിതറിത്തെറിക്കുന്ന ജലകണങ്ങൾപോലെ സന്തൂർ പൊഴിക്കുന്ന

സ്വരങ്ങൾ... അങ്ങനെയെന്തെല്ലാം..!!

കോവിഡ് ഭീതിയൊഴിഞ്ഞ് ഒരുകാലത്ത് ഒരുയാത്രയുടെ ലക്ഷ്യം കാഷ്മീർ ആവുമ്പോൾ അവിടെനിന്നു കേൾക്കാതെ മടങ്ങരുതാത്ത സംഗീതം... മനസിന്റെ മടിശീലയിൽ അതൊന്നു ചേർത്തു മടക്കിവയ്ക്കാം..

ചിനാർ മരങ്ങൾ പൊഴിക്കുന്ന ഇലകൾ, മഞ്ഞുപുതച്ച മലനിരകളും താഴ്വരകളും, ദാൽ തടാകം, ഷിക്കാരകൾ, മുത്തുപൊഴിക്കുന്ന ചിരിയുള്ള മുഖങ്ങൾ... കണ്ണുകൾക്ക് കാഷ്മീർ ഒരുക്കുന്ന വിരുന്ന്. റഫി സാബ് പാടിയപോലെ താരീഫ് കരൂം ക്യാ ഉസ്കീ! ഇന്ദുമുഖിയും നീലത്തടാകക്കണ്ണുകളുമുള്ള നായികയെയല്ല, എങ്ങനെ പുകഴ്ത്തും, ഈ നാടിനെ!! വാർത്തകളിലും വിവാദങ്ങളിലും നിറയുന്പോഴും കാഷ്മീർ സഹൃദയർക്കു വിരുന്നൊരുക്കി നിൽക്കുകയാണ്. കണ്ണിനു മാത്രമല്ല, കാതുകൾക്കും.



ശിവ്കുമാർ ശർമ്മ

## തളിരിട്ട കിനാക്കൾ

കശ്മീർ കി കലീ എന്ന ചിത്രത്തിലെ തുടക്കത്തിൽ പറഞ്ഞ താരീഫ് കരൂം ക്യാ ഉസ്കീ എന്ന പാട്ടുകേട്ടാൽ ആദ്യം മനസിൽ വിടരുക കാഷ്മീരി പൂക്കളായിരിക്കും. എസ്.എച്ച്. ബിഹാരിയുടെ വരികളും ഒ.പി. നയ്യാറിന്റെ സംഗീതവും കാഷ്മീരി പെൺകുട്ടിയായെത്തുന്ന ശർമിളാ ടാഗോറിന്റെ സാന്നിധ്യവും സ്ക്രീനിൽ ആ പ്രകൃതിഭംഗി നിറയ്ക്കും, കാഴ്ചക്കാരുടെ മനസുകളിലും. മുഹമ്മദ് റഫിയുടെ ആലാപനംകൂടിയാകുമ്പോൾ പൂർണം.

തലമുറകളുടെ ഓർമകളിൽ ആ സൗന്ദര്യം പകർന്നുവയ്ക്കാൻ ഒട്ടേറെ സിനിമാ പാട്ടുകളുണ്ട്. പർദേശിയോം സേ നാ (ജബ് ജബ് ഫൂൽ ഖിലേ), തേരേ ചെഹരേ സേ (കഭീ കഭീ), ചാഹേ കോയി മുജ്ഹേ ജംഗ്ലീ കഹേ (ജംഗ്ലീ) തുടങ്ങിയ നിത്യഹരിത സൂപ്പർഹിറ്റുകൾ മുതൽ യേ ഹസീൻ വാദിയാ (റോജാ), ചുപ്കേ സേ സുൻ (മിഷൻ കാഷ്മീർ), ബിസ്മിൽ (ഹൈദർ) തുടങ്ങിയവ വരെ കണ്ണിനും കാതിനും വിരുന്നേകുന്നു. പാട്ടുകളുടെ ഈ നിര ഒട്ടുനീളമുള്ളതാണ്. സമീപകാലത്ത് കാഷ്മീരിൽ സിനിമാ ചിത്രീകരണം തീരെക്കുറഞ്ഞു. കോവിഡ് വന്നതോടെ ഒട്ടുമില്ലാതായി.

## സ്വരചരിത്രം

ജമ്മു കാഷ്മീരിൻറെ സംഗീത സംസ്കാരവും പാരമ്പര്യവും സിനിമാപ്പാട്ടുകളിലൂടെ മാത്രം ഓർമിക്കപ്പെടേണ്ടവയല്ല. അവിടെയുള്ള ജമ്മു, കാഷ്മീർ, ലഡാക്ക് എന്നീ മൂന്നു മേഖലകൾക്കും സ്വന്തം സാംസ്കാരിക പാരമ്പര്യമുണ്ട്. കാഷ്മീർ താഴ്വരയുടെ സംഗീതം മധ്യേഷ്യൻ സംഗീതത്തോടു ചേർന്നുനിൽക്കുന്നു. ജമ്മു മേഖലയുടെ സംഗീതം ഉത്തരേന്ത്യൻ സംഗീതത്തോടും ലഡാക്കിന്റേത് ടിബറ്റൻ സംഗീതത്തോടും സാമ്യമുള്ളവയാണ്.

കാഷ്മീരി പണ്ഡിറ്റുകൾ അവരുടെ ഉത്സവ വേളകളിൽ അവതരിപ്പിക്കുന്ന ഹെൻസേ നാടോടി സംഗീതത്തിൻറെ ആദിമ രൂപങ്ങളിലൊന്നാണ്. ജമ്മു കാഷ്മീരിൽ ഏറ്റവും ജനപ്രിയമായ സംഗീതരൂപമാണ് ചക്രി. ചോദ്യോത്തര രൂപത്തിൽ ഇത് ആലപിക്കും. പാ

ട്ടിലൂടെ കഥകളും പറയും. യൂസുഫ്-സുലൈഖ, ലൈലാ-മജ്നു പ്രണയകഥകൾ പ്രത്യേകിച്ചും. ഹാർമോണിയം, റുബാബ്, സാരംഗി, ടുംബ, ചിംട്ട തുടങ്ങിയ ഉപകരണങ്ങളുടെ അകമ്പടിയോടെയാണ് ഇതിൻറെ ആലാപനം. ജാതിമതഭേദമില്ലെന്നതു ശ്രദ്ധേയം. വിവാഹങ്ങളുടെ ഭാഗമായുള്ള മൈലാഞ്ചിയിടൽ ചടങ്ങുകൾക്ക് ഈ സംഗീതം പ്രധാനമാണ്. ഒപ്പം റൗഫ് എന്ന പരമ്പരാഗത നൃത്തരൂപവും അവതരിപ്പിക്കും.




തമാശയും പരിഹാസവും കലർന്ന സംഗീതരൂപമായ ലദിഷായും കാഷ്മീരിൽ ജനപ്രിയമാണ്. വിളവെടുപ്പുകാലങ്ങളിൽ ഗായകർ ഗ്രാമങ്ങൾതോറും സഞ്ചരിച്ചാണ് ഇത് അവതരിപ്പിക്കുന്നത്. ഓരോ നാടിന്റെയും പ്രശ്നങ്ങൾ അറിഞ്ഞ് തത്സമയം പാട്ടുണ്ടാക്കുന്നതാണ് രീതി.

## ശാരദവീണ

സൂഫിയാന കലാം ആണ് കാഷ്മീരിന്റെ ശാസ്ത്രീയസംഗീതരൂപം. മഖാം എന്നുപേരുള്ള സ്വന്തം രാഗങ്ങൾ ഈ സംഗീതത്തിനുണ്ട്. സന്തൂർ, കാഷ്മീരി സാസ്, വസൂൽ, ദോക്ര തുടങ്ങിയ ഉപകരണങ്ങളാണ് അകമ്പടി. ഹാഫിസ് നഗ്മ എന്നപേരിൽ നൃത്തവും ഇതിനൊപ്പമുണ്ടാകും. ലോകപ്രശസ്ത സന്തൂർ വാദകനും സംഗീത സംവിധായകനുമായ പണ്ഡിറ്റ് ശിവ്കുമാർ ശർമ ജമ്മുവിന്റെ പുത്രനാണ്. അതുകൊണ്ടുതന്നെയാണ് സന്തൂറിനെക്കുറിച്ച് തുടക്കത്തിൽ പറഞ്ഞത്. അവിടത്തെ വിശ്വാസമനുസരിച്ച് കലയുടെയും പഠനത്തിന്റെയും ദേവതയായ ശാരദ വായിക്കുന്ന സംഗീതോപകരണമാണ് ശതതന്ത്രിവീണയെന്ന സന്തൂർ. പുരാതന കാലംമുതൽക്കുതന്നെ നൃത്തത്തിനും സംഗീതത്തിനും ആ നാട് പ്രാധാന്യം നൽകിയിരുന്നു എന്നതിൻറെ രേഖകൾ ഒട്ടേറെയുണ്ട്. കാഷ്മീരി ചിന്തകനായ അഭിനവഗുപ്തയുടെ അഭിനവഭാരതി എന്ന കൃതിയിലും ഇതേക്കുറിച്ചുള്ള പരാമർശങ്ങൾ കാണാം.

ലഡാക്കിലും തനതായ ഒട്ടേറെ നൃത്ത-സംഗീതരൂപങ്ങളുണ്ട്. സുർനയും (ഷെഹനായി) ദമാനും (ഡ്രം) നാടോടിസംഗീതത്തിൽനിന്ന് ഒഴിച്ചുകൂടാനാവാത്തവ. വിവാഹവേദികളിൽ നിറപ്പകിട്ടാർന്ന വേഷഭൂഷാദികളോടെയാണ് പാട്ട്. ഇവയിലും നിറയെ കഥകളുണ്ടാവും. ലഡാക്കി ബുദ്ധിസ്റ്റുകളുടെ ആഘോഷങ്ങൾക്കൊപ്പമുള്ള സംഗീതം ഹൃദയഹാരിയായ അനുഭവമാണ്.

രാഷ്ട്രീയത്തിനും സംഘർഷങ്ങൾക്കും വിവാദങ്ങൾക്കുമപ്പുറം മനസുകളെ ഒരുമിപ്പിക്കുകയാണ് സംഗീതം. കാഷ്മീർ ഹൃദയങ്ങളിൽ കുളിരുനിറച്ചുനിൽക്കും, എന്നെന്നും.

തൽക്കാലം യുട്യൂബിനെയോ മറ്റു സംഗീത സൈറ്റുകളെയോ ആശ്രയിക്കുക, ആ കുളിരു കൈവിടാതിരിക്കുക. സംഗീതം, സന്തോഷം!

കവിത

# പ്രണയമഴ



ലേഖ പ്രശാന്ത്

ഒരു നീണ്ട രാത്രിയുടെ അന്തിമനിമിഷങ്ങളിലാണ്
അവൻ എന്നോടുള്ള പ്രണയം തുറന്നു പറയുന്നത്.
നോക്കി നോക്കിനിൽക്കെ ഞങ്ങൾക്കു മുന്നിൽ
പുലരി കൺചിമ്മി ചിരിച്ചു നിന്നു.
പിന്നെ, പ്രണയിക്കാൻ സ്വകാര്യതകളില്ലെന്ന്
അവൻ പരിഭവം പറഞ്ഞു.
ഇനി എന്നാണു നമ്മൾ ......

കോരിച്ചൊരിയുന്ന മഴ ജാലകപ്പഴുതിലൂടെ
നണഞ്ഞാസ്വദിച്ചു നിൽക്കുമ്പോൾ,
പ്രണയമൊരു മഴയാണെന്ന് തോന്നി.
തകർത്തു പെയ്യുന്ന മഴ ഭൂമിയെ കോരിത്തരിപ്പിച്ചു
ചീവീടും തവളകളും പുരയുടെ നാലുവശത്തു നിന്നും
ഗാനനിർഝരികൾ മുഴക്കിത്തുടങ്ങി
ഇനി പ്രണയത്തിന്റെ വസന്തകാലമാണ്
മഴയും പുഴയും കാറ്റും കടലും കവിതയുമൊക്കെയായി......

പ്രണയമൊരു മഴ തന്നെ
ഇടിവെട്ടും മിന്നലുമൊക്കെയായി ചിലപ്പോഴത്
നമ്മെയൊന്ന് പേടിപ്പിക്കും
പിന്നെ ശാന്തസംഗീതമായ് ചിരിച്ചു നിൽക്കും.
മഴയിൽ കുതിർന്ന് കുളിർന്ന് നിൽക്കുമ്പോഴും
ഇതു മഴയല്ലെന്ന് പരിഭവം പറയും,
പുതുമഴക്കായ് കാത്തുനിൽക്കും.

ഇനി പകലറുതികളിൽ ഞാനും കാത്തിരിക്കാം,
നിന്നെ പുളകം കൊള്ളിക്കുന്ന
മഴയുടെ തണുത്ത രാത്രികൾക്കായി ......
പ്രണയം പൂക്കുന്ന സുരഭിലയാമങ്ങൾക്കായി .....



# പ്രണയഭാവനകൾ

കവിത



ഡോ. സുകേഷ്

പ്രണയം ഒരു കവിതയോ കഥയോ ആകില്ല,
പ്രവചനാതീതമാണത് !
പ്രണയം ഋതുഭേദങ്ങൾ ഏറ്റി നില്കും
പ്രകൃതി പോലാണ് !
പ്രണയം പതിയെ മാറ്റിമറിക്കുന്നൊരു
പ്രഹേളികയാണ് !
പ്രണയം വികാരങ്ങളാൽ വിചാരങ്ങളെ
പ്രഹരിക്കും മുറിവുകളാണ് !
പ്രണയം അന്വേഷണം നിൽക്കുന്നിടംതേടും
പ്രശ്നോത്തരിയാണ് !
പ്രണയം ആഗ്രഹങ്ങളിലൂടെ അറിവുനേടും
പ്രയാണമാണ് !
പ്രണയം നോവുകളെ നോവിച്ചുനിർത്തും
പ്രക്രിയയാണ് !
പ്രണയം നഷ്ടങ്ങൾക്കുള്ളിലും പിടഞ്ഞുലയും
പ്രതീക്ഷയാണ് ! !
പ്രണയം സമസ്യയും മറഞ്ഞതിലൊളിക്കും
പ്രകാശവുമാണ് !
പ്രണയം മഴക്കാറ് പെയ്തുതോരാതിരമ്പും
പ്രകമ്പനമാണ് !
പ്രണയം സ്വാർത്ഥതകൾക്കിടയിൽ തേടും
പ്രമാണങ്ങളാണ് !
പ്രണയം ഉറങ്ങാൻ കൊതിച്ചുണരേണ്ടി വരും
പ്രഭാതങ്ങളാണ് !
പ്രണയം ലോലുപ പ്രേമകാമ സല്ലാപങ്ങളല്ല,
പ്രതിഫലനങ്ങളാണ് !
പ്രണയം പതറാതെ ഉറച്ചുനിർത്താൻ പോന്ന
പ്രാർത്ഥനയാണ് !
പ്രണയം വീർപ്പുമുട്ടിച്ചുള്ളറിയാനുതകും
പ്രവർത്തനമാണ് !
പ്രണയം തിരഞ്ഞുതിരഞ്ഞെത്തിനിൽപ്പൂനിൻ
പ്രാണനിൽ!





അച്ചു ഹെലൻ

കവിത

# വാശി

പ്രണയമല്ല വാശിയത്രേ നമ്മളെ അന്ധരാക്കിയത്.
പ്രതികാര അഗ്നി വെന്ത ഇന്നുകൾ
ഇന്നലെകളുടെ തണുപ്പുള്ള ദിനങ്ങളെ
അന്യമാക്കിക്കൊണ്ടിരിക്കുന്നു.
ഓരോ ഓർമകളിലും പരസ്പരം
വാശി വിഷം മാത്രം നിറച്ചു വെക്കുന്നു .
മൂർച്ചയേറിയ വാക്കുകൾ തമ്മിൽ
വാളുകളാക്കി പൊരുതുമ്പോൾ
അഭിമാനമെന്ന അംഗമാണത്രെ ഏറെ മുറിഞ്ഞതും.
പരസ്പരം എറിഞ്ഞ കല്ലുകളിൽ
ഏറെയും അവിഹിതക്കറുപ്പ് പടർന്നതായിരുന്നു.
ചുംബനം മറന്ന ചുണ്ടുകൾ ചൊരിഞ്ഞ
പ്രഹസന ചാട്ടൂളികൾ തറച്ചതെല്ലാം
നമ്മുടെ ഹൃദയങ്ങളിൽ മാത്രം ആയിരുന്നു .
വാശിയുടെ ഒടുക്കം വാക്പോരുകൾ
കിതച്ചും തളർന്നും കണ്ണീരു പോലും മറന്നു തുടങ്ങുമ്പോൾ
തിരിച്ചറിയാൻ ഇനിയുമേറെ ബാക്കിവന്ന
നീയില്ലായ്മയെന്ന ശൂന്യത മാത്രം
ഇരുട്ടിൽ നമ്മളെ നോക്കി പല്ലിളിക്കുന്നു.





കവിത

# പ്രണയത്തിനപ്പുറം



അനീഷ് തലോറ.

പുറത്തെ,
ആർത്തുപെയ്യുന്ന മഴ
പൊട്ടിയ
ഓടിന്റെ വിടവിലൂടെ
പുരക്കകത്തെ
പട്ടിണിയിലേക്ക്
പതിവായ്
ഇറ്റു,വീഴുന്നതുകണ്ട കവി
ഒറ്റൊരോലക്കീറിനാലാണന്ന്
തന്റെ,
പ്രണയത്തിലേക്കുള്ള
അവസാന പഴുതടച്ചത്.

ഇരുട്ടിന്റെ,
ഇടനാഴിൽവീണ്
മുഷിഞ്ഞുകുത്തി,
പിഴിഞ്ഞെടുത്ത
പച്ചനോട്ടിനാൽ
പശിയടക്കാൻ
വിധിച്ചവൾ
തൊണ്ടക്കുഴിലെ
വഴുക്കുള്ള,
ചവർപ്പൊക്കെയും
ഒറ്റത്തുപ്പായ്
ഓർമ്മയിലെ
പ്രണയത്തിന്,
അന്നും
മുഖചിത്രമെഴുതി.

മിശ്രവിവാഹ,
പ്രോത്സാഹകനായി
അന്തിച്ചർച്ചയിലെന്നുമെത്തും
മുഖ്യ,പ്രഭാഷകന്റെ
മകളുടെ
വിവാഹമാണ് നാളെ
വരൻ,
'സ്വജാതി' തന്നെ.

പ്രണയിച്ചൊന്നായ,
രണ്ട്,
ഇണക്കുരുവികൾ
പുതിയ
പ്രണയമൊളിപ്പിച്ച
'പാസ്സ്.വേർഡിന്റെ'
സുരക്ഷിതത്വം
ഒന്നുകൂടിയുറപ്പിച്ചാണ്
'കൂട്ടിൽ' അന്നും
ഉറങ്ങാൻ കിടന്നത്.

അപ്പോഴും
ഉറക്കമൊഴിച്ച്
നാളെയുടെ
ഒരു,
പുതു പ്രണയം
'ചാറ്റുറൂമിൽ'
പ്രണയത്തിന്റെ
നിറവും
അളവും തിരഞ്ഞ്
അലയുകയായിരുന്നു...!

കവിത



# അലയൊടുങ്ങാത്ത കടൽ

അലയൊടുങ്ങാത്തൊരീ കടലിന്റെ വിരിമാറിൽ,
അന്നു നാമെത്രയോ കാതം നടന്നു....
തളരവേ, താങ്ങിനായ് കൈനീട്ടവേ -
മതിയെന്നെൻ മൗനം വിയർത്തു നിന്നു...
ചക്രവാളം ഇനിയും കണ്ടതേയില്ല നാം,
നിന്റെ ഗദ്ഗദാവേശമോ പുഞ്ചിരിച്ചു!

തരിമണൽച്ചിത്രമായ് മുന്നിലാരോ നടന്നതാം,
കാലടികളിൽ കുങ്കുമം- സന്ധ്യയായി.....
പോകയാണോ നാം ജന്മചക്രവാളം തേടി?
ചോദിച്ചു ഞാൻ, ദൂരെ അസ്തമയം ചൂണ്ടി....
നെഞ്ചോടു ചേർത്തു നീയോതീ, മടങ്ങാം
എനിക്കിനിയുമുണ്ടുദയമൊഴിയാത്ത സ്വപ്നം....

നീയെന്റെയലകടൽ ചുരുളഴിയാക്കടംകഥ-
സ്നേഹിതാ നീയെന്റെ നിത്യസ്വപ്നം...
ഉള്ളിലുറയന്നതാം കനലിലും-
ജീവിതക്കവിതയെ മാത്രം കിനാവു കണ്ടവൻ.....

'എന്റെ കണ്ണുനീർക്കുമ്പിളിൽ നിന്റെയീ
പുഞ്ചിരി നിലാവുപോൽ കോരിടാം'-കളിയായ് പറഞ്ഞവൻ
നാമീ വഴിയമ്പലത്തിലെയിത്തിരി
ത്തണലിൽ പ്രണയം കൊറിക്കുവാൻ വന്ന രണ്ടമ്പലപ്രാവുകൾ
ഒരു നേർത്ത സന്ധ്യയിൽ, പറയാതെ
ചാറിയ മഴയിൽ -അറിയാതൊരുകുടക്കീഴിലിളവേറ്റവർ

ഒരു കുറി നീയോതി, ദൂരെയെനിക്കൊരു-
വീടുണ്ട് ദുരിതങ്ങൾ കൂട്ടിനുണ്ട്....
ഉന്മാദലഹരിയിലാത്മബോധം വെടിഞ്ഞെങ്ങോ അലയുന്നൊരച്ഛൻ -
ഭീതിദമൊരോർമ്മ.
അമ്മയുണ്ടനങ്ങുവാനാവാതെ
ജീവിതശയ്യയിലെങ്ങോ തളർന്നു പോയതാം നൻമ....
കരയുവാൻ മാത്രം ശീലിച്ച സഹജർ,
ഞാനൊരു മുങ്ങിക്കപ്പലിന്നൊടുവിലത്തെ സ്വപ്നം...



ഡോ.ജിജി.വി. വി.

ഊറുന്നോരെൻ മിഴിനീർ തുടച്ചുനീയോതി,
ഉണ്ടേറെ ദൂരം ചക്രവാളമണഞ്ഞിടാൻ....
പിന്നൊരു നാൾ യാത്ര പറയാതെ ഒറ്റക്കു
നീ പോയിതെന്നോ നിർന്നിമേഷമെൻ തോഴാ...
അലയൊഴിയാത്തൊരീ കടലിനെപ്പിരിയുവാനാവാതെ
കരയിന്നും ധ്യാനിപ്പൂ ചക്രവാളം....
നീ മാഞ്ഞു,വെങ്കിലും നീളുന്നൊരീ
തിരക്കൈകളിൽ വായിപ്പൂ ഞാനപൂർണ്ണമൊരു പ്രണയം...

കവിത



# പ്രണയം

അത്ര സ്നേഹത്തോടെ തന്നെ
അയാള് നമ്മെ പിഴുതുമാറ്റും
എങ്കിലും ഒരുറപ്പുമില്ലാതെ
നമ്മള് വീണ്ടും കാത്തിരിക്കുന്നുണ്ടാകും...
എല്ലാ രാത്രിയിലും
സങ്കടങ്ങൾ പറഞ്ഞുറങ്ങാൻ ....
കണ്ണുനീരിന് കാവലിരിക്കാൻ ....
സ്നേഹത്തോടെയൊന്ന് ചേർത്ത് പിടിക്കാൻ...
ഇടക്ക്
എല്ലാരും ചോദിക്കാൻ മറന്ന
ചില ചോദ്യങ്ങളുമായി ഇനിയിപ്പോ
അയാളുണ്ടാകുമോ....?

കഴിച്ചോ,,
കിടന്നോ,,
വയ്യേ ,,
സാരമില്ല,,,
എല്ലാം ശെരിയാകും,,
കരയണ്ട,,,
വിഷമിക്കേണ്ട,,,
എത്രയേറെ വാക്കുകളാണ് അയാൾക്ക്
മാത്രം അവകാശപ്പെട്ടതായി മാറിപ്പോയത്

എങ്കിലും
ദേഷ്യപ്പെടുമ്പോഴും
പിണങ്ങുമ്പോഴും
ഒരു കാറ്റിനേക്കാൾ വേഗത്തിൽ
അയാളിറങ്ങി പോകുമ്പോൾ
ഏത് പ്രതീക്ഷയുടെ
വിത്താണ് നമ്മൾ മുളപ്പിച്ചു കൂട്ടേണ്ടത്....
പ്രണയമൊഴുകി
കറുത്ത് കരുവാളിച്ചു പോയ
ശരീരവും പേറി
നമ്മള് പിന്നേം
ജീവിച്ചുകൊണ്ടേയിരിക്കും....

പക്ഷെ,,
അത്ര സ്നേഹത്തോടെ
അയാൾ പിഴുതു മാറ്റിയാലും
എല്ലാ രാത്രിയിലും
സങ്കടങ്ങൾ എണ്ണിപെറുക്കി
നമ്മൾ
അയാളുടെ നെഞ്ചിലേക്ക്
തളർന്നു വീഴാറുണ്ട്......



അശ്വതി പി.കെ.

കവിത

# തിരക്ക്

വളരെ തിരക്കുള്ള ഒരു സാഹിത്യകാരനായിരുന്നു അയാൾ.

തിരക്കു കൂടിക്കൂടി ഒന്നിനും സമയമില്ലാത്ത വന്നപ്പോൾ
അയാൾ മൂന്നുജോലിക്കാരെ നിയമിച്ചു.

ഒന്നാമൻ:-
അയാൾക്കുവേണ്ടി വായിക്കാൻ.

രണ്ടാമൻ:-
അയാൾക്കുവേണ്ടി എഴുതാൻ.


മൂന്നാമൻ:-
അയാൾക്കുവേണ്ടി സ്വപ്നം കാണാൻ.

'ഹാ! എൻറെ ജോലി ഭാരം കുറഞ്ഞിരിക്കുന്നു.
ഇനിയെനിക്ക് വിമർശകരെ
നേരിട്ടാൽ മാത്രം മതി.'

അയാൾ ആശ്വാസപ്പെട്ടു .



സുരേഷ് നാരായണൻ





കഥ



റൂബി നിലമ്പൂർ

# അബ്ദു

കാട് മൂടിപ്പോയ പഴയൊരിടവഴി. ഉമ്മുമ്മാന്റെ വെറ്റിലച്ചെല്ലത്തോളം പഴക്കമുണ്ടതിന്. ഇന്ന് റാടിട്ട് മിനുമിനുത്ത ആ റോഡ് പണ്ട് ഞങ്ങൾക്ക് ഇരുവീടുകൾക്കിടയിലുള്ള കുണ്ടും കുഴിയും നിറഞ്ഞ ഒരിടവഴി മാത്രമായിരുന്നു. നട്ടുച്ചവെയിലിലും, വൈകുന്നേരങ്ങളിലും ഞങ്ങൾ ഇടതടവില്ലാതെ

ആ ഇടവഴി മുറിച്ച് കടന്ന് അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞുകൊണ്ടിരുന്നു.

മധുരമുള്ള തീരെച്ചെറിയ 'ചക്കരമാങ്ങ' അവരുടെ പറമ്പിലാണ്. എന്നാൽ തത്തമ്മ കൊത്തിയിടുന്ന മധുരപ്പുളി ഞങ്ങളുടെ പറമ്പിലും. തെച്ചിപ്പഴം കുളത്തിന്റെ വക്കത്താണ്. മുള്ളുള്ള

ചുള്ളിക്ക ഇടവഴിയുടെ അതിരിലും. ഇടവഴിക്കപ്പുറം ഓവുപാലത്തിലേക്ക് ചില്ലകൾ താഴ്ത്തി ചരി

ഞ്ഞാണ് ഞാവൽപ്പഴത്തിന്റെ നിൽപ്പ്.

മഴക്കാലത്ത് മലയുടെ മുകളിൽ നിന്ന് ഇടവഴിമൂടി ചെമ്മണ്ണ് കലങ്ങിയ വെള്ളം കുത്തിയൊലിച്ചെത്തുമ്പോഴാണ് ശരിക്കും ഞങ്ങളുടെ ആഘോഷം തുടങ്ങുന്നത്.

അബ്ദുവിന്റെ ഉമ്മാമയാണ് എന്നെയും ഓത്ത് പഠിപ്പിക്കുന്നത്. ഉമ്മാമയുടെ വെളുത്ത കൈപ്പടങ്ങളിലെ ചുക്കിച്ചുളിഞ്ഞ മിനുസം ഞാൻ കൊതിയോടെ തൊട്ടുനോക്കും.

ഉമ്മാമ നെയ്തുകൊണ്ടിരിക്കുന്ന കൈതോലപ്പായയുടെ ഒരറ്റത്തിരുന്നാണ് ഞങ്ങളുടെ

ഖുർആൻ പഠനം. അവർ മൂന്ന് ആൺകുട്ടികളും ഇടക്ക് തമ്മിൽ പിച്ചിയും നുള്ളിയും ഉമ്മാമാന്റെ

അടിവാങ്ങിച്ചു. ഞങ്ങളെ പഠിപ്പിക്കുന്നതിനിടയിലും ഉമ്മാമ പായുടെ ഏതെങ്കിലും ഒരറ്റം

നെയ്തുകൊണ്ടിരിക്കുന്നുണ്ടാവും. കൈകൾക്ക് ചെറിയ വിറയലുണ്ട്.

കാതിലെ വെള്ളിച്ചിറ്റുകൾ ആ വിറയലിനൊപ്പം ഇളകുന്നത് ഞാൻ നോക്കിയിരിക്കും. ഞങ്ങളെ യാസീൻ ഓതിക്കുമ്പോൾ ശബ്ദവും വിറച്ചു തുടങ്ങിയിരുന്നു.

മഴ തോരുമ്പോൾ അവന്റെ വീട്ടിലെ ഓലമേഞ്ഞ ഇറയത്ത് സാവധാനം ഇടറിവീഴുന്ന മഴത്തുള്ളികളിലേക്ക് കൈനീട്ടുമ്പോൾ എന്തിനെന്നറിയാതെ എനിക്ക് സങ്കടം വരും. മേൽക്കൂര തേങ്ങുന്നതായി തോന്നും. ആ മഴത്തുള്ളികളെ ഞാൻ പതിയെ ചേർത്തുപിടിക്കും.

ഉമ്മാമ മരിക്കുന്നതിന്റെ തലേദിവസം ഉറക്കത്തിൽ ഞെട്ടിയുണർന്ന് കുറ്റിച്ചൂളാൻ മൂളുന്നത് കേട്ട് ഞാൻ പേടിച്ചു. ഉമ്മാമയുടെ തലഭാഗത്തിരുന്ന് ഞങ്ങൾ കുട്ടികൾ ഉമ്മാമ പഠിപ്പിച്ച യാസീൻ ഓതി. കുന്തിരിക്കം പുകച്ച് ഉമ്മാമയെ കൊണ്ടുപോകുമ്പോൾ മയ്യിത്ത് കട്ടിലിന്റെ ഒരു ഭാഗത്ത് ഒരുവിരലുകൊണ്ടെങ്കിലും ഒന്നുതൊട്ട് പള്ളിക്കാട് വരെ അവരോടൊപ്പം പോകാൻ എന്റെ മനസ്സ് വല്ലാതെ ആഗ്രഹിച്ചു.

അബ്ദുവിന്റെ വീട്ടിലെ ചുവന്ന മണ്ണുതേമ്പിയ ചുവരുകൾക്ക് എപ്പോഴും സ്നേഹത്തിന്റെ തണുപ്പാണ്. പിന്നാമ്പുറത്ത് വാതിലുകളില്ലാത്ത ചുവന്ന പരന്നചുവരുകളുണ്ട്.

കരികൊണ്ട് ഞങ്ങൾക്ക് ചിത്രം വരയ്ക്കാം. ആരും കാണില്ല. മണ്ണ് കുഴച്ച്, കണ്ണൻ ചിരട്ട ചുവരിൽ കമഴ്ത്തിവെച്ച് ഒട്ടിച്ച് തേനീച്ചക്കൂടുണ്ടാക്കുന്ന വിദ്യ അവനേ അറിയൂ. അങ്ങനെ ഉണ്ടാക്കിവെച്ചതിലൊന്നും ആരെയും തൊടാൻ അനുവദിക്കില്ലവൻ. നിറയെ തേനീച്ചകൾ ഉണ്ടാവും. ഒരിക്കൽ തേനീച്ചകൾ പൊതിരെ കുത്തി അവന്റെ എല്ലിച്ച ശരീരം വീങ്ങി വീർത്തു. വേദനകൊണ്ട് അവൻ അലറിക്കരയുന്നത് കണ്ടപ്പോ എനിക്ക് തേനീച്ചകളോട് ആദ്യമായി കടുത്ത ദേഷ്യം തോന്നി.

എന്റെ കണ്ണും നിറഞ്ഞു തുളുമ്പി. ഉമ്മച്ചിയുടെ വിലക്കുകൾ ലംഘിച്ച് പലപ്പോഴും ഞാൻ അവന്റെ വീട്ടിലെ റേഷനരി മണക്കുന്ന കഞ്ഞി അവരോടൊപ്പം പ്ലാവില കോട്ടിയെടുത്ത് കഴിച്ചു. ആ ദിവസങ്ങളിൽ ഞാൻ വയർ ഉള്ളിലേക്ക് വലിച്ച് പിടിച്ച് ഉമ്മച്ചി കാണാതെ അകത്ത് കയറും. ചൂടുള്ള കുത്തരിച്ചോറിൽ ഉരുക്കുനെയ്യിട്ട് എനിക്കുള്ള ചോറ് വല്ല്യുമ്മച്ചി പത്തായപ്പുറത്ത് എടുത്തുവച്ചിട്ടുണ്ടാവും. ആരും

കാണാതെ ഞാനതെടുത്ത് പത്തായത്തിന്റെ ചുവട്ടിൽ താമസമാക്കിയ കുറുഞ്ഞിക്കും മക്കൾക്കും

നീക്കിവെച്ച് കൊടുക്കും. പിന്നീടെപ്പോഴോ ഉമ്മച്ചിയത് കണ്ടുപിടിച്ചു. കണക്കിലധികം വഴക്കും

കേട്ടു. അതോടെ ഏറെയിഷ്ടത്തോടെ ഞാൻ കഴിച്ചിരുന്ന ആ കഞ്ഞിക്ക് വിലക്ക് വീണു.

എങ്കിലും അവർക്കൊന്നും കൊടുക്കാതെ ഉമ്മാമ എനിക്ക് പഞ്ചസാരയിട്ട വെള്ളം കലക്കിത്തരും.

സ്നേഹത്തോടെ എന്റെ അനുസരണയില്ലാത്ത ചുരുണ്ട മുടി എണ്ണപുരട്ടി ചീകി കെട്ടിവച്ച് തരും.

പിറ്റത്തെ കൊല്ലവും ഇടവഴി കുത്തിയൊലിച്ച് കാലവർഷം പെയ്തൊടുങ്ങി. ആ കൊല്ലവും മല്ലിക രണ്ടു

വീടിന്റെ അതതിരുകളിലും പൂവിട്ടു. കത്തുന്ന വേനലിൽ ചക്കരമാങ്ങ പിന്നെയും തുടുത്തു.

ഹൈസ്ക്കൂൾ പഠനം തേടി എന്നെ ദൂരെ ഹോസ്റ്റലിലേക്ക് പറിച്ചു നട്ടു. പഠനം പാതി വഴിക്കിട്ട് പ്രാരാബ്ദങ്ങളുടെ ചുമട് പേറി അവനും അന്യദേശത്തിന്റെ ചില്ലകൾ തേടി.

ഹോസ്റ്റലിൽ നിന്ന് അവധിക്കെത്തുന്ന ഇടവേളകളിൽപോലും അബ്ദുവിനെ തീരെ കാണാതായി. ഇടവഴിയിലെ ചുള്ളിക്കകൾ അനാഥമായി. പഴുത്ത ഞാവൽപ്പഴങ്ങൾ ഓവുപാലത്തിൻമേൽ തലതല്ലിവീണ് മണ്ണിൽ ലയിച്ചു. ഞാനും അവനും എപ്പോഴോ വളർന്നു.

പത്താംതരം കഴിഞ്ഞ് തിരിച്ചെത്തിയ അവധിക്കാലത്താണ് നിലയ്ക്കാത്ത പെരുമഴയിൽ കുളംനിറഞ്ഞൊഴുകിയത്. മീനുകൾ വെള്ളത്തിനൊപ്പം കവിഞ്ഞൊഴുകി. കവുങ്ങിൻ തോട്ടത്തിലാകെ ഒഴുകി മേഞ്ഞു നടന്നു. തൊടിമുഴുവൻ പുഴപോലെ വെള്ളം നിറഞ്ഞ് കിടക്കുന്നു. എനിക്ക് പെട്ടന്ന് അബ്ദുവിനെ കാണണമെന്ന് തോന്നി.

പണ്ട് ഇതുപോലെ കുളം നിറഞ്ഞു കിടന്ന ഒരു മഴക്കാലത്താണ് ഞാൻ കാൽവഴുതി കുളത്തിലേക്ക് വീണത്. കുറ്റിക്കാട്ടിലൊളിച്ച കുളക്കോഴികുഞ്ഞുങ്ങളെ തിരഞ്ഞുവന്നതായിരുന്നു ഞാൻ ഒറ്റയ്ക്ക്. ഒച്ചയുണ്ടാക്കാതെ പതുങ്ങി വരുന്നതിനിടയിൽ കുളത്തിന്റെ തിണ്ട് ഇടിഞ്ഞ് മൺകട്ടകളോടൊപ്പം ഞാനും വെള്ളത്തിന്റെ ആഴങ്ങളിലെത്തി. എന്നെ തിരഞ്ഞുവന്ന അബ്ദുവാണ് അലറിക്കരഞ്ഞ് ഒരു വിധം എന്നെ കരക്കെത്തിച്ചത്. അന്ന് വീർത്ത വയറുമായി ഞാൻ മയങ്ങിക്കിടന്നു.

ഉമ്മച്ചി കരഞ്ഞുകൊണ്ട് ശുഹദാക്കൾക്ക് നേർച്ചയിട്ടു. വല്ല്യുമ്മച്ചി പണിക്കാരത്തികളെയെല്ലാം വഴക്ക്

പറഞ്ഞു.

സ്കൂളിലേക്കുള്ള വഴിയിൽ വഴുക്കലുള്ള പാടവരമ്പ് കടക്കുമ്പോൾ അന്നും പേടിയായിരുന്നു എനിക്ക്. എന്നെ കൈപിടിച്ച് അപ്പുറത്തെത്തിക്കുമ്പോഴേക്കും മുൻഷിമാഷുടെ ക്ലാസ് തുടങ്ങിയിട്ടുണ്ടാവും. അപ്പുറത്തെ ക്ലാസിൽ വർക്ഷീസ് മാഷുടെ ചൂരൽ അവന്റെ മെലിഞ്ഞ കൈത്തണ്ടയെ പൊള്ളിക്കുന്നത് ഇപ്പുറത്തെ ക്ലാസിൽ കണ്ണടച്ചിരുന്ന് ഞാനറിയും. മടങ്ങുമ്പോൾ പാറക്കുഴിയിലെ കുളവാഴപ്പൂ കിട്ടിയാൽ തരാമെന്ന് വാക്കുപറഞ്ഞ് ഞാനവനെ സമാധാനിപ്പിക്കും.

മുതിർന്ന് തുടങ്ങിയപ്പോ അവനൊരകൽച്ച പാലിക്കുന്നുണ്ടെന്ന് എനിക്ക് തോന്നി.

ഞാൻ കോളേജിലേക്ക് പോയിത്തുടങ്ങിയപ്പോൾ അവൻ ദൂരെ ഒരു കൂപ്പിൽ മരപ്പണിക്കാരുടെ കൂടെ കൂടി ഭാരമുള്ള മരങ്ങൾ ചുമക്കുകയായിരുന്നു. അവന്റെ എല്ലിച്ച കൈത്തണ്ടയിലും

മസിലുകൾ പെരുത്തു. കുടും ത്തിലെ മൂത്തമകൻ ആയതുകൊണ്ടാണോ അവനിങ്ങനെ വീടുവിട്ട്

പോവേണ്ടിവന്നത് എന്ന് ഞാനോർക്കും.

പതിയെപ്പതിയെ എന്റെ ലോകം കാമ്പസി

ലെ നിറങ്ങളിലലിഞ്ഞ് മാറിത്തുടങ്ങി. പഠനത്തോടൊപ്പം ഇത്തിരി കുത്തിക്കുറിക്കലുകളുമായി എന്റെ ദിവസങ്ങളുടെ കലണ്ടർ മറിഞ്ഞു. രണ്ടുവർഷത്തെ പഠനം ഒരു സ്വപ്നം പോലെ തീർന്നു. ചില മഴക്കാലങ്ങൾ കൂടി എന്നെ നോവിച്ച് ഇടവഴിയിലൂടെ കുത്തിയൊലിച്ച് കടന്നുപോയി.

വീട്ടിലപ്പോൾ കല്ല്യാണാലോചനയുടെ മുഴക്കങ്ങളായിരുന്നു. ഞാനറിയാത്തൊരാളെ എനിക്കായി ഉറപ്പിക്കപ്പെട്ടു. ഏറിയ സ്ത്രീധനം ചോദിച്ച് അവരുടെ അഭിമാനം അവരും അത് കൊടുക്കാമെന്നേറ്റ് ഞങ്ങളുടെ അഭിമാനം ഞങ്ങളും അക്കങ്ങളുടെ പെരുക്കത്തിൽ കൂട്ടിയുറപ്പിച്ചു. പഠിത്തം പാതിവഴി മുറിഞ്ഞു.

കല്ല്യാണത്തിന്റെ തലേദിവസം ഉമ്മാമയെ സ്വപ്നം കണ്ട് രാവിലെയുണർന്ന് പെട്ടന്നൊരു

തോന്നലിൽ ഞാൻ അബ്ദുവിന്റെ വീടിന്റെ മുറ്റത്തെത്തി.

അവന്റെ കഠിനാധ്വാനം ഓലമേഞ്ഞ മേൽക്കൂര മാറ്റിയിരുന്നു അപ്പോഴേക്ക്. എന്നെക്ക്

അവന്റെയുമ്മ സന്തോഷത്തോടെ ഓടിവന്നു. പൊതിഞ്ഞുപിടിച്ച് നെറ്റിയിലുമ്മവെച്ചു.

'അവന് കല്ല്യാണത്തിനും വരാൻ പറ്റില്ല മോളേ. കത്തയച്ചിട്ട്' അവന്റെ പെങ്ങൾ തന്ന കട്ടൻചായ കുടിച്ച് ഞാനിറങ്ങി. എന്റെ കുട്ടിക്കാലം മുഴുവൻ ആ മുറ്റത്ത് ചിതറിക്കിടക്കുന്നത് ഞാൻ കണ്ടു.

പണ്ട് ഞാനും അബ്ദുവും മത്സരിച്ച് നട്ട ചെമ്പരത്തി വേലിക്കപ്പുറം നിന്ന് ചുവന്ന പൂക്കൾപൊഴിച്ചു.

വീടിനകം മുഴുവൻ കല്ല്യാണാഘോഷത്തിന്റെ ചമയങ്ങളണിഞ്ഞു തുടങ്ങിയിരുന്നു. എനിക്കെവിടെയെങ്കിലും ചെന്ന് ഒറ്റക്കിരിക്കണമെന്ന് തോന്നി. അകത്തുചെന്ന് എന്റെ പ്രിയപ്പെട്ട പുസ്തകങ്ങളും ഇലൻഡിൽ കൂട്ടുകാർ എഴുതിയിരുന്ന കുറെ കത്തുകളും ഗ്രീറ്റിംങ്ങ് കാർഡുകളുമെല്ലാം പെറുക്കിയെടുത്ത് ഒരു തകരപ്പെട്ടിയിലാക്കി ഇരുട്ടുമാത്രമുറങ്ങുന്ന തട്ടിൻ പുറത്തെ ഒരു മൂലയിൽ തള്ളി വെച്ചു.

' അവിടെക്കിടന്ന് ചിതലായിക്കോളൂ. ഇനി നിങ്ങളാരും എന്റെ ലോകത്തിൽ ഇല്ല'

വർഷാവർഷങ്ങളിൽ ഇടവഴിയിലൂടെ കലക്കവെള്ളം കുത്തിയൊലിച്ചൊഴുകിയിട്ടുണ്ടാവണം. ഓവുപാലത്തിൽ ഞാവൽ വീണ് കല്ലുകൾ വയലറ്റ് നിറം പൂണ്ടിട്ടുണ്ടാവണം. മുള്ളുള്ള

ചുള്ളിക്ക പലതവണ കരിഞ്ഞും തളിർത്തും അതിജീവിച്ചിട്ടുണ്ടാവണം.

ഇന്നലെ ഉമ്മച്ചി വിളിച്ചപ്പോൾ പറഞ്ഞതൊക്കെയും അവനെക്കുറിച്ചാണ്. ഇപ്പുറത്ത്

ഒന്നും മിണ്ടാനാവാതെ ഇടറിനിന്നു. നാലഞ്ചു വർഷമായി അബ്ദുവിനെ ഒന്ന് കണ്ടിട്ട്. വിവാഹം

കഴിഞ്ഞ് നാട്ടിൽ നിന്ന് പോയതിനുശേഷം അബ്ദുവിനെ കണ്ടിട്ടേയില്ല.

മോൾക്ക് വേനലവധിക്ക് സ്കൂൾ അടച്ചപ്പോൾ ഞാൻ നാട്ടിലേക്ക് പോയി. അവിടെ ച്ചെന്ന് ഒരാഴ്ച കഴിഞ്ഞിട്ടും അവനെയൊന്ന് കാണാൻ പോവാൻ തോന്നിയില്ല. ഉമ്മച്ചി നിർബന്ധിച്ചു.

' നീയൊന്ന് പോയി കാണൂ മോളേ. ഇല്ലെങ്കിൽ അവന് വിഷമാവില്ലേ.....' !

' വയ്യ ഉമ്മച്ചീ..... ഒരു കയ്യും ഒരു പാതികാലുമില്ലാതെ അവനെ ഞാനെങ്ങനെയാണ്..........?'

ജോലിസ്ഥലത്തെ ഒരപകടത്തിൽ മരം ദേഹത്തേക്ക് വീണ് സംഭവിച്ചതാണ്. പാതി ജീവനോടെ രക്ഷപ്പെട്ടതാണ്. കുറെ നാളത്തെ ചികിത്സകഴിഞ്ഞ് തിരിച്ചെത്തിയതാണവൻ.

ഞാൻ ചെല്ലുമ്പോൾ പാതിയോളം പണിതീരാത്ത വീടിന്റെ ഉമ്മറത്ത് അവനിരിക്കുന്നുണ്ട്.

എന്നെക്കണ്ട് ചിരിച്ചുകൊണ്ട് എഴുന്നേൽക്കാനൊരു ശ്രമം നടത്തി. മുഖത്തേക്ക് നോക്കാൻ കഴി

ഞ്ഞില്ല. എനിക്കിരിക്കാൻ ഒരു കസേര നീക്കിത്തന്ന് അവൻ ചിരിച്ചുകൊണ്ട് എന്തൊക്കയോ പറയു

ന്നുണ്ട്.

എന്നെത്തന്നെ നോക്കുന്നുണ്ട്. ഞാനേതോ അന്യഗ്രഹത്തിലെത്തിപ്പെട്ടതുപോലെ മിണ്ടാനാവാതെ നിന്നു.

' ഇത് നോക്ക്, നീ വരും ഇന്ന് എന്ന് തോന്നിയിട്ട് എടുത്തുവച്ചതാണ് നിനക്ക്. നോക്ക് !"

" പെങ്ങളുടെ കുട്ടികൾ സ്കൂൾ വിട്ട് വന്നപ്പോ കൊണ്ടുവന്നതാണ്' !!

അവൻ എന്റെ മുന്നിലേക്ക് ഒരു പാത്രം നീക്കിവെച്ചു. അതിൽ കുറെ ചുള്ളിക്കകൾ.

മുള്ളുള്ള മരത്തിലെ മധുരിക്കുന്ന ചുള്ളിക്കകൾ ! ഓർമ്മകളെ വെട്ടിനിരത്തി ഒരു പുഴ ചാലുകീറി

ഒഴുകി. നെഞ്ചിൽ അടക്കിവെച്ചതൊക്കെയും നിയന്ത്രണംവിട്ട് കുത്തിയൊലിച്ചു. പാടവും തോടും

കവിഞ്ഞ് ഇടവഴിമൂടി കുത്തിയൊലിച്ച ആ കലക്കവെള്ളം നെഞ്ചോളം വന്ന് മൂടി എന്നെ ശ്വാസംമുട്ടിച്ചു. ●

കവിത

# നിനക്കായ്

നോക്ക്,ഇത് ഞാനാണ്,
എന്നിൽനിന്ന് നിന്നിലേക്ക് ചൊരിയാൻ
ശ്രമിയ്ക്കുന്ന,
എന്റെ പ്രണയം,

എനിയ്ക്ക്,
നീ ചുറ്റും തിരയുന്ന,
അഭ്രപാളികളിലെ മനംമയക്കുന്ന,
ബാഹ്യസൗന്ദര്യമില്ല,

പൂർണ്ണചന്ദ്രൻ മനസ്സ് കുളിർത്ത്
തൂവുന്ന,സുഖമുള്ള,
നനുത്ത നിലാവിന്റെ വശ്യതയില്ല,

പൊള്ളവാക്കുകളാൽ നീയെന്നെ
പ്രണയിയ്ക്കരുത്,
കാരണം,പ്ലാസ്റ്റിക് പൂക്കളോട്
എനിയ്ക്ക് അഭികാമ്യമില്ല,

എന്റെ മനസ്സ്,
ഒരു മയിലിനെപ്പോലെ ,
വളരെ വർണ്ണാഭമായി പീലി
വിടർത്തിവിരിച്ച്,
സന്തോഷത്തിലാടാറുണ്ട്,

അതുപക്ഷേ,
മഴയ്ക്കുള്ള തയ്യാറെടുപ്പിൽ,
മാനംകറുത്ത്,കാർമേഘങ്ങൾ
ഉരുണ്ടുകൂടുമ്പോളല്ല,

ഞാൻ നട്ടുവളത്തിയ,എന്റെ
രാജമല്ലിച്ചെടിയിൽ,
ആദ്യമായ് വിരിഞ്ഞ,
ഒരു കുലരാജമല്ലിപ്പൂവ്,
മുഖത്തുചേർത്ത്,നിന്നെ
ഓർക്കുമ്പോളാവും.

ആയിരംനക്ഷത്രദീപങ്ങൾ
പുഞ്ചിരി പൊഴിയ്ക്കുമ്പോഴും,
എന്റെ നിറമിഴികൾ തേടുക,

പടർന്നുപന്തലിച്ച നക്ഷത്രമുല്ലയിലെ,
ചിരിയ്ക്കുന്ന ചുവന്ന
നക്ഷത്രമുല്ലപ്പൂവിനേയും,

സന്ധ്യയിൽ ചിരിതൂകി വിടരുന്ന
പലനിറങ്ങളിലെ ,
അന്തിമലരിപ്പൂക്കളേയും,

പാടവരമ്പിലെ സുഖശീതളിമയിൽ,
തന്റെ കുഞ്ഞിനെ ഗർഭത്തിലേറ്റി,

ജന്മംനൽകി,വാടിത്തളർന്ന്
പൊഴിഞ്ഞുവീഴുന്ന,
വള്ളിപ്പയറിന്റെയും,
വെള്ളരിപ്പച്ചയുടേയും,
പൂക്കളേയുമാവും..

കാവുങ്കുളത്തിലെ ആമ്പൽപ്പൂവും,
താമരത്തണ്ടും,പൊട്ടിച്ച്,
കുളക്കോഴിച്ചിലപ്പും,
കൂമന്റെ മൂളലും,
ഓർക്കാപ്പുറത്തേൽപ്പിച്ച ഞെട്ടലിൽ
ഞാൻ ഒരുപക്ഷേ പിൻവാങ്ങിയേക്കും,

അപ്പോഴും,
കാവിനുള്ളിലെ കാട്ടുപൊന്തയിലെ
വേലിപ്പടർപ്പിൽ പടർന്നു കയറിയ
നീലശംഖുപുഷ്പം,
ഞാൻ നിനക്കെന്റെ പ്രണയസമ്മാനമായി
കരുതിയിട്ടുണ്ടാവും...



സുജാതശിവൻ

കവിത



# പ്രണയമധു

നിത്യഹരിതമാമുൾപ്പുളകങ്ങളിലൂടെൻ മന -
മൊത്തൊരുദ്യാനമാക്കുന്ന വികാരമേ,
പ്രണയമേ നിന്നുടെ മോഹസുഗന്ധത്താൽ
മാടി വിളിക്കുന്നിതെൻ സ്വപ്നസൂനങ്ങൾ.

മൂളിപ്പറന്നു മധു നുകരുവാൻ വെമ്പുന്നോ -
രളിപോലെയെന്നുടെ നയന ദ്വയങ്ങളും,
സ്വപ്നസൂനങ്ങളെയിറുകെപ്പുണർന്നതു
നുകരട്ടെയീ പ്രണയ സുഗന്ധിയാലെ.

ലഹരിയാമീ മധുവേറെ ഭുജിപ്പതിനാ -
ലൊട്ടൊരുന്മാദ പൂർണം മനസ്സുകൾ
ആയതു നിർവിഘ്നമേറെതുടരേണം
സൃഷ്ടി സ്ഥിതിലയതാളങ്ങൾക്കായ്.

പ്രണയിതാവിൻ   നേത്രമെത്ര തീവ്രം,
പ്രകൃതിയും പ്രണയത്താലെത്ര ദീപ്തം !
ഹൃത്തതിൽ പ്രണയത്തിൻ പൂമ്പൊടി പാറിക്കും
പ്രണയരൂപങ്ങളിതെത്രമാത്രം.

സിരകളിൽ അഗ്നിയായ് പടരും വികാരമതു
തെളിയുന്നു നക്ഷത്രശോഭയായക്ഷിയിൽ
കാണുന്നു മാരിവിൽ വർണങ്ങൾ ചുറ്റിലും
പാൽനിലാ മഴയായി പെയ്യുന്നു മനതാരിൽ.

പരിഭവം പലതുണ്ട് ചൊല്ലുവതിനുള്ളിലായ്
അനുഭൂതി പകരും വികാരങ്ങളും,
സർവ്വവുമേകി തൻ സർവ്വസ്വമാക്കി
സ്വയം ശൂന്യമായ് തീർക്കുന്ന ഭാവമുണ്ട്.

നഷ്ടസ്വർക്ഷങ്ങളിലൊറ്റയായീടിലും,
ഓർമ്മകൾ വാസന്ത വാടികതീർക്കുന്നു,
നോവിന്റെ കയ്പ്പും മധുരമായ് മാറ്റുന്നൊ -
രേക വികാരമോന്നീ പ്രണയം.

ഇനിയും നിറയട്ടെ പ്രണയ മധു ചഷകങ്ങൾ
നുകരട്ടെ ഞാനുമിതു എന്തിനായ് വൈകുന്നു?
വിസ്മൃതി തന്നിൽ മറക്കാനെനിക്കുണ്ട്
ദുഃഖങ്ങളേകിയോരാ മുറിപ്പാടുകൾ.



**സിന്റ സേവി**

കവിത

# ഒരു സ്വപ്നത്തിന്റെ നിഴൽ

ഏറേപ്പറയുവാനുണ്ടെനിയ്ക്കും സഖി –
നീയടുത്തെത്തുന്ന നേരമത്രേം,
ഒന്നും പറയാതെയിരിയ്ക്കുവാൻ വയ്യെന്റെ –
യോമലേ നിന്നെപ്പിരിഞ്ഞെനിയ്ക്കും....

മാന്ത്രികക്കുതിരയായ്പ്പായും മനസ്സെന്റെ –
മൗനം ദിനമെണ്ണിനീയുമെത്തും,
അധരം നിറഞ്ഞുള്ള പുഞ്ചിരി താമര –
ച്ചുണ്ടിലും ചുംബനം കുളിരുപാകും....

കാറ്റിൽ മുടിയിഴത്തോർത്തിലൊതുങ്ങിയ –
കാഴ്ച്ചയും പുലരിയിൽ സ്വന്തമാകും,
കൈകൾ പുണർന്നുള്ള മേനിയിൽയിലിക്കിളി –
നാദംപുളഞ്ഞിടും നീർത്തുള്ളിയാൽ....

ഒരുപാടുകദനകഥ ജീവിതം നല്കിയ –
ഒരുജീവനിന്നുണ്ടലയുന്നതും,
വറ്റിയ കൺകളിൽ ഒരുനുള്ളുതെളിമയും –
പൊട്ടായ് പ്രതീക്ഷയും കൂമ്പിവന്നു....

ഏതോ ഒരിക്കലൊരു ചന്ദനപ്പൊട്ടിട്ടു –
മിഴിമുന്നിൽ വന്നല്ലോ സൗഭാഗ്യമായ്,
അന്നുതൊട്ടേ മനം നിന്നെ വരിച്ചതും –
പിന്നെയും പൂക്കുന്നു പ്രണയപുഷ്പം....

ഇനിയുള്ളകാലങ്ങൾ ജന്മം പലവുരു –
പെണ്ണേ തപസ്സല്ലോ നീയെനിയ്ക്കായ്,
കറതീർന്ന കടലാഴിപ്പാലൊളിച്ചന്ദ്രിക –
വിരൽകോർത്തു നമ്മളും തിരയായിടും....

വിട്ടുപോകാനിനിയൊട്ടും കഴിയാത്ത –
കെട്ടുറപ്പിട്ടൊരു മോഹദാഹം,
നീന്തിക്കളിയ്ക്കും പരൽമീനിനൊക്കും –
സന്തോഷമല്ലയോയെന്റെ ഹൃത്തും....

ആകാശഗംഗയിൽ പൂമാലകെട്ടിയൊരൂ –
ഞ്ഞാലുകാറ്റിലുണ്ടാലോലമായ്,
നക്ഷത്രദീപത്തിരികളിൽ മുങ്ങി നീ
മന്ദഹാസം മൊഴികാതുണർത്തി....

സ്നേഹവും മരണവും ചേരും നിഴലുമായ് –
എരിയുവാൻ തീർന്നുണ്ടൊടുങ്ങുവാനും,
കഴിയില്ല പ്രണയിനി കരളിലായ്ച്ചേർത്തിടു –
കാലൊച്ച പ്രണയവും കാത്തിരിപ്പൂ....

**രാമചന്ദ്രൻ പുറ്റുമാനൂർ**



കവിത



സിന്ധു ഗാഥ

# പ്രണയവിത്ത്

പച്ചയുടുത്ത കാട്
ഈറനുടുത്തയരുവി
നീലയുടുത്ത വാനം
നീപോലുമറിയാതെ
നിന്നെയുടുത്ത ഞാൻ

മഴയായ് പെയ്തു തോർന്ന
മൗനമൊഴുകിയൊലിച്ചു
ചെന്നെത്തി പ്രണയ
പാൽക്കടലിന്നാഴങ്ങളിൽ

ഇരുളോളങ്ങളിൽ മുങ്ങാം
കുഴിയിടുന്ന കുളിരുമ്മോള്
നാണത്തിൻ കരിങ്കുപ്പായ -
മണിഞ്ഞൊരുങ്ങി ...

മൗനമുറച്ച ചിപ്പിക്കുള്ളിൽ
പ്രണയമേ നിന്നെയൊളിപ്പിച്ചു
നിശ്ശബ്ദതയുടെ മുൾവേലികെട്ടി
നട്ടുച്ച കുടിച്ചു വറ്റിച്ച തീരത്തെ
പൊള്ളുന്ന മണൽക്കാടുകളെ
കാവലാക്കിയിട്ടുണ്ട് ...

കാറ്റാടി മരത്തണലിൽ
പ്രണയവിത്തു ചികയുന്ന
കടൽ പക്ഷികൾക്കറിയില്ലല്ലോ ?
കരിങ്കടലാഴങ്ങളിലൊളിപ്പിച്ച
മോഹപ്പവിഴപ്പുറ്റിനകത്താണതെന്ന് !



# അലിഞ്ഞു ചേർന്നത്

കവിത



പ്രണയമാണത്
തെളിഞ്ഞ പ്രണയം !

മാഞ്ഞു പോകുമെന്നറിഞ്ഞിട്ടും
പാവം വാനം
മഴവില്ലിനെ മുകരാനായുന്നത്

ആത്മാവിലലിഞ്ഞിട്ടും
മഴത്തുള്ളിക്കു പോവാനായി
മേഘം
നെഞ്ചു പിളരുന്നത്

ഒഴുകും നദി
സ്നേഹതാപത്താൽ
ഹിമപാളിയെ
പുണർന്നലിയിക്കുന്നത്

ആർക്കുവേണ്ടിയോ
പ്രേമഗാനം പാടാൻ
കാട്
കാറ്റിനു തൊണ്ട നൽകുന്നത്

പ്രണയത്തിൽ നഷ്ടപ്പെടുന്നവർ
പ്രണയത്താൽ നഷ്ടപ്പെടുന്നവർ
—അവരിലാണ് കമിതാവുറങ്ങുന്നത്

രാവിലുറങ്ങാതെ
നറുവെളിച്ചച്ചില്ലുമായി
കാത്തിരിക്കും പൂവിന്റെ
മുഖം തിരയുന്ന
മിന്നാമിനുങ്ങ് പറയുന്നത്
തേടിച്ചെന്നാൽ കിട്ടാത്ത
പ്രണയത്തെക്കുറിച്ചാവാം !

നിലാവ് പൊഴിയുന്നൊരൊച്ച
ക്ഷണഭംഗികളിലെ ചേർച്ച
വിരഹത്തിന്റെ ഇടർച്ച
നഷ്ടങ്ങളുടെ തുടർച്ച
—ഇതിലേതാണ് പ്രണയം?

പ്രിയസഖീ !
എൻ ഹൃദയതന്ത്രികളിൽ
നീ മീട്ടുന്ന
നനുത്ത പ്രണയരാഗങ്ങളുടെ
ഭാവമേതാണ്?



വിനോദ് ചെത്തല്ലൂർ

കവിത

# പ്രണയം

പ്രണയമേ , പ്രകൃതിസ്പന്ദനമേ,
പ്രപഞ്ച സത്യമേ ,
പ്രണവ മന്ത്രമേ,
കാറ്റിലും കടലിലും മഴയിലും പുഴയിലും
പൂവിലും പുല്ലിലും പകലിലുമിരവിലും
പ്രണയനിർഭരവാൽക്കണ്ണാടികൾ
അഴകാം ബിംബങ്ങളെ വരച്ചുവയ്ക്കുന്നു

മാനവന്നുള്ളവുമഖിലചരങ്ങളും
മോഹിക്കുമിണകളെ പ്രണയ പങ്കിലമായ്
ഇരുഭൂഖണ്ഡ ഘടികാരസൂചികൾ
ഇരുഹൃദയ വനികകളിലറിയാതെ
ഒരേ ദിശയിലൊരേ നേരചക്രമായ്
ഒന്നാകുമഭിരാമ വസന്തങ്ങൾ പണിയുന്നു

സൂര്യജ്യാല തൻ സുതാര്യ ദ്യുതികൾ നീ
സുഗന്ധ മൂതുന്നോരോടക്കുഴൽ നീ
ചന്ദ്രതാര തൻ ചാരു കിരണം നീ
ചന്ദനത്തരു തന്റെ ചാമരങ്ങൾ നീ
കാണാതിരിക്കവേ കാണുവാൻ വെമ്പുന്നു
കേൾക്കാതിരിക്കവേ കേൾക്കുവാൻ വിങ്ങുന്നു
ദുരിതപ്പുഴകൾ നീന്തി നീങ്ങും നേരം
ദൂരെയൊരു പാഴ് വഞ്ചി പോലതാ പ്രണയം
ദാഹശമനത്തിന്നൊരു തുള്ളി വീഴ്ത്തുന്നു
നോവിൻ കനലുകളെരിയുമതിലെങ്കിലും
നിശ്ചയമതഗ്നിയായ് തീരുകില്ല
തരള തുഷാരങ്ങൾ താപമേകുന്നതാം
താന്തമാമൊരീണം മാത്രമേ പ്രണയം
പാതയോരത്തെ പറവയും പ്രാവും
പറയാതെ പാടുന്ന പാട്ടാണു പ്രണയം
നിർമ്മല നിദ്രകൾ, ബുദ്ധ മൗനങ്ങൾ
നടുവിരൽ കൊരുത്ത പദയാത്രകൾ
ഒറ്റയായ് വിടുകില്ലയെന്ന വാക്കിന്റെ
ഒരായിരം മാറ്റൊലിയലയാണു പ്രണയം

പ്രകൃതിയൊരു നിറവായ് നിറയവേ ചേതന
വിശ്വപ്രേമക്കുളിർ ചൂടിടുന്നു
ഇണകളോ വിരഹത്തിന്നാഴം താണ്ടീടവേ,
ഇന്ദ്രിയത്തുണയേന്തിയെത്തുന്നു പ്രകൃതിയും

പ്രണയമേ, പ്രകൃതി സ്പന്ദനമോ
പ്രപഞ്ച സത്യമേ, പ്രണവ മന്ത്രമേ



സിന്റി സ്റ്റാൻലി



കവിത

# കാലങ്ങളിൽ പൂത്ത പ്രണയം



കാലമേ നീയാണ് സത്യം
നിന്നോടാണെന്റെ പ്രണയവും..
കുരുന്നു മനസ്സിന്റെ ആദ്യാനുരാഗം
അമ്മയ്ക്ക് മാത്രം സ്വന്തം..

നിഷ്കളങ്കമാം പ്രണയത്തുടിപ്പുകളിൽ
വളർച്ചയോടൊപ്പം അച്ഛന്റെ കരുതലും
പ്രകൃതിയും നക്ഷത്രവും
അമ്പിളിമാമനും ചിത്രശലഭവും
മെല്ലെ മെല്ലെ ഇടം പിടിച്ചു.

ബാല്യം കടന്നു പോയി..
പരിശുദ്ധമാം സൗഹൃദ-സാഹോദര്യ
സ്നേഹത്തോട് പ്രണയമായി.
കൗമാരവും യൗവ്വനവും വന്നു ചേർന്നു
പുസ്തകത്തോടും പിന്നീട് അക്ഷരങ്ങളോടുമായി
വീണ്ടും ഞാനെന്റെ
പ്രണയം പങ്കിട്ടു..

വീണ്ടുമെൻ പ്രണയം ഗതി മാറി,
ദിശാമാറിയൊഴുകി,
വേഷങ്ങൾ പലതും മാറിമാറിയണിഞ്ഞു.

ഇന്ന്,
വാർധക്യത്തിലെത്തിച്ചേർന്നപ്പോൾ
അറിയുന്നു ഞാൻ
കാലത്തോടായിരുന്നെന്റെ പ്രണയം..
അതെ, കാലമാണ് സത്യം
കാലത്തോടാണെന്റെ പ്രണയവും..



ഷമീമ തിരുവേഗപുറ

കവിത

# പ്രണയം

മഴപെയ്തു കുളിരാർന്ന
മിഴിയിൽ
ഇമചിമ്മിയ സ്വപ്നങ്ങൾ...
വിരൽത്തുമ്പ് മാടിയൊതുക്കി
നിൻ മുടിയിഴയിൽ...
ആർദ്രമാം മിഴികളിൽ ഒരായിരം
വർണ്ണങ്ങൾ..
നനയുവാനായി എൻമനവും
കുളിരായ് നീയും...
മഴവില്ലിൻ ചിറകേറി
മോഹപൂത്താലം നീ തന്നു...
പുളകങ്ങൾ ചൂടും മിഴിപൊയ്ക
തന്നിൽ.
കൊതിതീരെ നിൻ കരം
പുകരാൻ...
ഈറൻ നിലാവിൽ എൻകവിളിണയിൽ
തലോടും
ശ്യാമാംബരം കവിളിണയിൽ
പടരും...
നിനക്കായ് എൻമിഴികൾ
വിടരും...
അനുരാഗമേകും നിൻ
പ്രേമാദ്രഭാവം....
ഇഴപിണഞ്ഞനാഗമെന്നപോൽ
എന്നിലേക്കലിഞ്ഞൊരു നേരം
മഞ്ഞു തുള്ളിയായി ഞാനും....





സിന്ധു. ആർ



കവിത

# നിനക്കായ്

ഇപ്പോൾ നീയെനിക്ക്
ഒരുപാട് വെയിലുകൊണ്ടു കഴിയുമ്പോൾ
ആവശ്യമാകുന്ന ഒരു തണൽ.
പാതിരാക്കിനാവിന്റെ നനുപ്പാർന്ന മെയ്യിൽ
ഹൃദയം ചേർത്തുവച്ചങ്ങനെ
വെറുതേയിരിക്കുമ്പോൾ
എന്റെ ഏകാന്തതയുടെ വരണ്ട
വേനൽപ്പാടങ്ങളിൽ പുതുമഴ പോലെ
നിന്റെ സാന്നിധ്യം എനിക്കാശ്വാസമാകുന്നു.
സ്നേഹത്തിന്റെ യാചനയും
കാമത്തിന്റ അക്ഷമയും
നീയെന്നിൽ നിറയ്ക്കുമ്പോൾ
എന്നുയിരിനെ നിന്നിലേയ്ക്കണച്ച്
സ്വയം മറക്കാൻ ഞാൻ ആഗ്രഹിക്കുന്നു
എങ്കിലും നമുക്കിടയിൽ കാക്കേണ്ടുന്ന
ദൂരത്തെ ഞാനറിയുന്നു.
ഇപ്പോൾ ഒരു സ്ഫടികപത്രത്തിലെ
ജലകണങ്ങളേക്കാൾ സ്പഷ്ടമായ്
എനിക്കു നിന്നെയറിയാം
പാതിരാക്കിനാവിന്റെ
ചില്ലിട്ട ജാലകത്തിന്നിടയിലൂടെ ഞാനിപ്പോൾ
കാണുന്ന അകലം
എനിക്കും നിനക്കും ഇടയിലുള്ളതാണ്.



**ശ്രീദേവി കെ. ലാൽ**

കവിത

# പ്രണയത്തിന്റെ വാടാമല്ലി പൂക്കൾ



സന്ധ്യാ ദേവദാസ്

പ്രണയം
ചിലപ്പോഴൊക്കെ
മുന്തിരിവള്ളിപ്പോലെ
ചുറ്റിവരിയാറുണ്ട്!

മുന്തിരി കായ്കൾ
മധുരമുള്ള ചുണ്ടുകളായും
വന്നുമ്മവെയ്ക്കും.!

നീ തന്ന
ചുംബനങ്ങളൊക്കെയും
കവിളിൽ മായാതെ,,,,
വാടാമല്ലി പൂവായി
ചിരിച്ചുക്കൊണ്ടിപ്പോഴും
വിരിഞ്ഞു നിൽക്കുന്നുണ്ട്.

പ്രണയത്താൽ
നിന്റെ കണ്ണുകൾക്കെന്തൊരു തിളക്കമാണ്.!


നീ മറന്നു വെച്ചതെല്ലാം
എന്റെ മാത്രം സ്വന്തമെന്ന്
ഞാൻ പറയും .

നീയിനി വരുമ്പോൾ
ആകാശചെരുവിൽ
നമ്മുക്കു മാത്രമായ്
പാടുന്ന നക്ഷത്രങ്ങളോട്
നമ്മളിതുവരെ പറയാതെ പോയ
ആ രഹസ്യം
ആരും കേൾക്കാതെപറയണം.



കവിത

# ഒരു നായയുടെ ഡയറിക്കുറിപ്പ്



ആട്ടിപ്പായിച്ചിരുന്ന
കടക്കാരനെ കാത്ത്
ഉറക്കുണർന്നിട്ടും
വരാന്തയിലമർന്ന് കിടന്നു

പിന്നെ പതിയെ
സ്ഥിരമായി കാളിച്ച മാറ്റാറുള്ള
ഓട ലക്ഷ്യം വെച്ച്
എഴുന്നേറ്റിറങ്ങി

തെരുവാകെയും
ഒരു ഹർത്താൽ മണം
അധികമലയാതെ
പതിവ് തിണ്ണയിൽ വന്നിരുന്നു

ഇത് പിന്നെ
പല നാൾ തുടർന്നു
തീറ്റ തന്ന ഓടയിൽ
വസ്തു കുറഞ്ഞ്
ആള് കൂടി

ഹോണുകൾ കേട്ടെണീറ്റ
പകലുകൾ
കേൾക്കാൻ പൂതി പൂണ്ടു
തെരുവിലെ ശബ്ദങ്ങളും
സ്വപ്നമായൊതുങ്ങി

അതിനിടെ
കൂട്ടിനായെത്തി
രണ്ട് പട്ടികൾ
ഒന്ന് കറുപ്പും
ഒന്ന് വെളുപ്പും

ഗതി കെട്ടിറങ്ങി
ഞങ്ങൾ മൂന്ന് പേർ
നഗരം വിട്ടിപ്പോൾ
ചെറിയൊരു ഗ്രാമത്തിലെത്തി

വയറ് പാടുന്നു
വിശപ്പിന്റെ ഈണത്തിൽ
ചെവി കൂർത്ത് വരുന്നു
നിശ്ശബ്ദതയുടെ താളത്തിൽ

ഒട്ടിയ വയറുമായോടി
ആട്ടിയോട്ടിയ
ഇടങ്ങളിൽ നിന്നെല്ലാം

ഒരു വീട്ടുമുറ്റത്ത്
ഒരു കുഞ്ഞിരിക്കുന്നു
അതിൻ മാർദവത്തിൽ
ലയിച്ച് നാവ് കൊണ്ടൊന്ന്
നക്കിത്തുടച്ചു

പിന്നിൽ നിന്നേറ്റ
അടിയുടെ ആഗാഥത്തിൽ
ഓടിയോടി വളഞ്ഞിരുന്നു.
ഇടയിലാരോ പറയുന്ന കേട്ടു
വയറസിനൊപ്പം നായ ശല്യവും

അറിയില്ല ഞാനൊരു
വയറസിനെയും
അന്നം കിട്ടാത്ത പാവം
പട്ടിയാണ് ഞാനെന്ന്
നാവ് നീട്ടി
ശ്വാസം വലിച്ച് പറയാനാഞ്ഞു

പുറത്തിട്ട നാവ്
വലിച്ചെടുക്കാനായില്ല
കൂട്ടുകൂടിയ
പട്ടികൾ വഴിതിരിഞ്ഞു.
നിസ്സഹായതയുടെ
നെടുവീർപ്പുകൾ



സലാഹുദ്ദീൻ
പലങ്ങാട്

# പ്രണയമഴയിലൂടെയൊരു തീർത്ഥാടനം

കവിത

നിന്നെ ഞാൻ ഓർക്കാറില്ല,
എന്നെയെനിക്ക് ഓർക്കേണ്ടതില്ലല്ലോ....
പ്രണയവാഗ്ദാനങ്ങൾ നൽകുന്നില്ല
നിറവേറ്റുവാനായില്ലെങ്കിലോ
ഒന്നുമാത്രമുറപ്പോടെ ചൊല്ലീടാം
ഇനി നീയില്ലാതെ ഞാനില്ല

പുഷ്പകവിമാനത്തിലോ സ്വർണ്ണരഥത്തിലോ
എന്റെ സ്വപ്നങ്ങളിൽ വന്നെന്നെ
കടത്തിക്കൊണ്ടുപോകുവാനാവുമോ നിനക്ക്
താരകൾ പ്രകാശം വിതറിയ,
രാത്രിമുല്ലകൾ വിരിഞ്ഞ പാതയിലൂടെ
നിന്റെ നെഞ്ചോട് ചേർന്നുനിന്ന്
പ്രണയമിടിപ്പുകളിൽ ഞാൻ നിറഞ്ഞിരിക്കുന്ന
നിന്റെ ഹൃദയതാളം കേൾക്കണം
എന്നെ ചേർത്തുനിർത്തി തഴുകുന്ന
നിൻ കരങ്ങളിൽ രതിയുടെ കറ പുരളാതെ
പ്രണയത്തിന്റെ ഉന്മാദാവസ്ഥയിൽ
നമ്മുടെ ആത്മാക്കൾ ഒന്നാവണം...



മുക്തവാര്യർ

നിന്നോടൊത്തുള്ള നിമിഷങ്ങളുടെ
ചിറകിലേറിയാണിന്നെന്റെ യാത്രകൾ
എന്റെ മൗനത്തിന്റെ ആഴങ്ങളിൽ
നീ പവിഴപ്പുറ്റുപോലെ വേരുറച്ചിരുന്നു
നിൻ മാനസ കിളിവാതിലിലെൻ മാടപ്രാവുകൾ
ദൂതുമായ് വന്നത് നീ കണ്ടതേയില്ലേ?
അവരുടെ വെൺതൂവൽച്ചൊരുക്കിൽ നിനക്കായ്
ഞാൻ കൊടുത്തയച്ചത് വെറും സന്ദേശമല്ല,
എന്റെ മനസ്സുതന്നെയായിരുന്നു...



ഭൂഗോളത്തിന്റെ രണ്ടു ധ്രുവങ്ങളിൽ
യുഗങ്ങളായി പ്രണയിക്കുന്നവരാണ് നമ്മൾ.
മനസ്സിന്റെ ദർപ്പണത്തിൽ പണ്ടെപ്പഴോ
പതിഞ്ഞ ബിംബങ്ങൾ ജീവൻ വെച്ച്
അനുരാഗത്തിൻ അമൃതകണങ്ങളുതിർത്തു
ഒരു തിരശ്ശീലയ്ക്കിരുപുറമായ് നമ്മൾ നിൽപ്പതെങ്കിലും
നീ തൊടാതെ തൊട്ടലിഞ്ഞ ഹിമകണമാണു ഞാൻ...

പ്രണയമൊരു കൂടുവിട്ടുകൂടുമാറലാണ്.
നീ ഞാനാവുന്നു...
ഞാൻ നീയാവുന്നു...
എന്നിലൂടെ നീ പ്രയാണം ചെയ്യുമ്പോൾ
പിന്നെ പരിഭവത്തിന്റെ കാർമേഘങ്ങളില്ലാതെയാവുന്നു.
കാരണം അപ്പോൾ ഞാൻ തന്നെയാണ് നീ...

മഴച്ചാറ്റലിൽ അശ്രു ചേർത്ത് ഞാൻ വിതുമ്പി
ഒരു വിളിപാടകലെ നീയുണ്ടായിരുന്നു
മഞ്ഞുപോലെ, കാറ്റുപോലെ, കാട്ടുതീ പോലെ
എന്റെ ഒരു നിസ്വനത്തിനായി കാതോർത്ത്

സമാനതലങ്ങളിൽ കൂട്ടിമുട്ടാതൊരേ വഴിയിൽ
അനന്തതയിലേക്കു പോകുന്ന റെയിൽപ്പാലങ്ങളാണു നാം...
ചേരാതെ ചേർന്നു പോകുമ്പോഴും
പ്രണയത്തിൻ തീവണ്ടി ഉള്ളിൽ പേറുന്നവർ

രണ്ടു തോണിയേറി ജീവൻ പോകും വരേയ്ക്കും
സ്മൃതിമണ്ഡപത്തിൽ, സുവർണ്ണപീഠത്തിൽ നീയുണ്ടാവും,
അതെനിക്ക് കാട്ടിത്തരുവാനായില്ലയെങ്കിലും...

എവിടെയോ ഒരു മൗനം നീറിപ്പിടയുന്നു
വേർപാടിന്റെ തിരശ്ശീലനീക്കി ആരും വന്നതേയില്ല
മത്തുപിടിപ്പിക്കുന്ന പ്രണയക്കടലിൽ
ചുവന്നസൂര്യൻ എരിഞ്ഞടങ്ങുകയാണോ?
നിശയിലേക്ക് നീളുന്ന നിലാവിൽ
ഞാനെന്റെ ഏകാന്ത കമ്പളം വീണ്ടും പുതച്ചു...

മനസ്സ് വെറ്റമഷിയിട്ട് തുടച്ച സ്ളേറ്റുപോലെ ശൂന്യം...
മരവിച്ച മൗനവാൽമീകത്തിനുള്ളിൽ
അപ്പോഴും ഒരു കിളിയുറങ്ങാതെയിരുന്നിരുന്നു.
നീ വരുമെന്ന പ്രതീക്ഷയിൽ.
നീ കേൾക്കാതെപോയ പാട്ടിനും,
കാണാതെപോയോരു വാക്കിനുമപ്പുറം
ഞാനദൃശ്യയാണല്ലോ...
ഉറങ്ങുവാനാവാതെ, കണ്ണിമയ്ക്കാതെ,
അന്ധകാരത്തിന്റെ ആഴത്തിൽ
ഞാനെന്തിനെയോ തിരഞ്ഞുകൊണ്ടേയിരുന്നു...
പിറകിൽനിന്നും നീയെന്നെ ആയത്തിലാട്ടി
ഉയരത്തിൽ ചില്ലാട്ടമാടുമെൻ നമുക്കു ചേക്കേറാം...
ഒരു കടലോളം സ്നേഹം നിനക്കുണ്ടെന്നെനിക്കറിയാം...
അതിനെ ആലിംഗനം ചെയ്യുന്ന ഗഗനമാണ് എന്റെ പ്രണയം...
നീയറിയാത്ത... നിനക്ക് അളക്കുവാനാവാത്തത്ര അഗാധമായ,
അനിർവചനീയമായ പ്രണയം
ഈ കടലും ആകാശവും ഒന്നാകുന്ന
ചക്രവാളത്തിൽ നമുക്കൊന്നാകാം...
ചിറകുവിരിച്ചുയരുന്ന പറവകളായ്...
ചിപ്പിക്കുള്ളിലൊതുങ്ങും പവിഴമായ്...
നീയെന്നിൽ ആഴ്ന്നിറങ്ങി പാകിയ
പ്രണയത്തിന്റെ വിത്തുകൾ നാമ്പിട്ട്,
നമ്മുടേതുമാത്രമായ അനുരാഗമൊട്ട്
വിരിഞ്ഞ് സുഗന്ധം പരത്തുമ്പോൾ
നിനക്ക് മാത്രം കടന്നുവരാനായി ഞാനെന്റെ
മനസ്സിന്റെ കിളിവാതിലൊന്നു തുറന്നോട്ടെ സഖാവേ...

പ്രണയത്തിന്റെ മാസ്മരവലയത്തിൽ എനിക്ക് പറക്കണം... ശലഭമായ്....
നമ്മുടെ മാത്രമായ പ്രണയത്തുരുത്തിലേക്ക്...
എനിക്ക് നിന്നോടുള്ളത് പ്രണയമല്ലൊരു സമർപ്പണം
പ്രണയമഴയിലൂടെയൊരു തീർത്ഥയാത്ര...

കവിത

# ഇടർച്ചകൾ

രമേശ് മങ്കര

എവിടയോ എപ്പോഴക്കയോ
ഈ തീവണ്ടി പാളം തെറ്റാറുണ്ട്
ഓട്ടത്തിൽ തനിയെ ശരിയാവാറുമുണ്ട്.
പാടവരമ്പിൽ ഇടക്കിടെ ഇതു പതിവുണ്ട്.
ചെരിപ്പിന്റേയോ, കാലിന്റേതോ
ഏതിനായിരിക്കും അപാകത ?
തൂങ്ങിയാടുന്ന കബന്ധങ്ങൾ
സ്വപ്നങ്ങളിൽ നിറഞ്ഞാടുമ്പോൾ ....
വിരൽപ്പന്തങ്ങൾ കത്തി നീറുമ്പോൾ
ശ്വാസനാളിയിൽ പിടഞ്ഞു വീഴുന്ന -
പിറാവുകൾ
ആകാശം നഷ്ടപ്പെട്ട പറവ കൂട്ടങ്ങൾ
തീമഴയായ് കത്തിയമരുമ്പോൾ
മരത്തലപ്പുകൾ ഗുൽമോഹറായ്
അഗ്നി  നക്കി വിഴുങ്ങുമ്പോൾ,
അൽപ്പം പതർച്ച പതിവാണ്.
ഇരുട്ടറ തന്ന വേവുകളിൽ
തിമിരാന്ധകാരത്തിൽ
വെള്ളി പൂക്കൾ വിരിയുമോ?
സമാന്തരങ്ങളായ പാളങ്ങൾ”
കൂട്ടിമുട്ടാതെ -
ഏതു ജന്മാന്തരങ്ങളിലേക്കാണ്
നീളുന്നത്
സൗരാഗ്നി പൊതിഞ്ഞൊരീപാളങ്ങൾ
സൂര്യനിലേക്കു ഉയർക്കപ്പെട്ട വഴിപ്പടി
ഗോവണിയായ് രൂപപെടുന്നു.
ചിതറി വെന്തൊരാത്മാവായ്
ഞാനീ പടികൾ കയറിയേപോവുന്നു.
കയറിയേപോവുന്നു.



കവിത

# നാണയം



ശ്രീദേവി അമ്പലപുരം.

പ്രണയം ഹിമഗിരിശൃംഗത്തിൽനിന്നും
ഒഴുകിയൊഴുകി ഗംഗയായി,
വിശുദ്ധയായി തുളുമ്പിനിന്നു.

പിന്നെസൂര്യകാന്തിപ്പൂവിന്റെ നാണത്തിൽ
ഒളിച്ചിരുന്നു സുഖിച്ചു.

പിന്നീട് ത്യാഗത്തിന്റെ, സഹനത്തിന്റെ മുൾപ്പുതപ്പിൽ
മെഴുകുതിരിയായി.

പതുക്കെ  കോട്ടകളും മതിലുകളും തകർത്ത്
തന്റെ മേച്ചിൽപ്പുറം തേടുകയായി.

അങ്ങാടിയിൽനിന്നും തിരഞ്ഞെടുക്കുന്ന
തന്റെ അളവിനൊത്ത ഉടുപ്പായി.

ഒടുവിൽ പുളിയ്ക്കുന്ന ഫലമായി കടിച്ചുനോക്കി
വലിച്ചെറിഞ്ഞു കളഞ്ഞു.

ഇന്ന് തന്റെ സ്വത്വത്തെ കുത്തിനോവിയ്ക്കുന്ന
വിഷസൂചിയിലൊന്നും നൂലായി നൂഴാൻ
അവളെ കിട്ടാതായി.

അത് പാരസ്പര്യത്തിന്റെ ഉടമ്പടിയിൽ
പ്രായോഗികതയുടെ ഉരകല്ലിൽ
തേച്ച്നോക്കി എടുക്കുന്ന നാണയമായി.
എന്നെങ്കിലുമൊരിയ്ക്കൽ
കാലഹരണപ്പെടുന്ന നാണയം.



# മൗനരാഗം

ചില പ്രണയങ്ങൾ അങ്ങനെയാണ്...
ഉയർന്ന ഒരു കാട്ടുമരത്തിൻെറ
ഇടതൂർന്ന ഇലകൾക്കിടയിലൂടെ...
അപൂർവ്വമായി മാത്രം കാണുന്ന
നിറശോഭയുള്ള ഒരു പക്ഷിയെപ്പോലെ...

മോഹിച്ച് നോക്കി നിൽക്കെ
മധുരമുള്ള കൂജനത്താൽ
മനംനിറച്ച്..., കടാക്ഷിച്ച്..
വിസ്മയിപ്പിക്കുന്ന അനുഭൂതിയാകുന്നവൾ.....

ഒടുവിൽ,
മോഹനമാമൊരു തൂവൽ പൊഴിച്ച്..
പറന്നകലുമ്പോൾ.. അതിൻെറ--
മൃദുലതയിൽ ലയിച്ച്... ലയിച്ച്..
നാമങ്ങനെ......





പ്രദീപ് അകത്തേത്തറ

# കാത്തിരിപ്പിന്റെ ഋതുഭേദം



കവിത

ശ്രീകുമാർ ചേർത്തല

മൃദുമന്ദഹാസത്തിൻ കലിക നിൻ ചൊടിയിൽ
മലയജപഞ്ചമി തൻ നിലാവലയായ് വിരിയുവതെന്നോ?

നീലമിഴിക്കോണിൽ തുളുമ്പുന്ന തേൻകിനാവിന്റെ
പൊന്നടർ വാസന്ത രാത്താരങ്ങളായ് പൂക്കുവതെന്നോ?

തളിർകവിളിൽ വിരിയുന്ന താമരത്താരുകൾ
സൗവർണ്ണ ശാരദസന്ധ്യയായ് പൊഴിയുവതെന്നോ?

ശ്യാമഭരിതം നിന്റെ കുനുകൂന്തൽ കാതരമമാവാസിയിരവിൻ
ചിന്തായ് നിറയുവതെന്നോ?

ചെമ്പനീർ തോൽക്കും നിന്നധരദള പുടമൊരു
ശ്രാവണപ്പുലരിയായ് തുടുക്കുവതെന്നോ?

അരിയ നിൻ ചേവടിയെഴുതുന്ന പൂക്കളമൊരു
മലർത്തോപ്പായ് ഉണരുവതെന്നോ?

മൃദുലം, നിൻ ഹൃദ്സ്പന്ദനരാഗങ്ങളാഷാഢ
മാരിയായ് കുളിരിടുവതെന്നോ?

വിലോലം, നിൻ നിശ്വാസധാരകൾ സൗരഭമോലുന്ന
തെന്നലായ് മാഘ മാസ മേനിയിൽ ചുംബിക്കുവതെന്നോ?

സുഭഗം, നിൻ സ്മേരത്തിൻ പൊൻചിലമ്പോലിപ്പൂക്കൾ
മുളങ്കാടിൻ ഗീതിയായ് തുളുമ്പുവതെന്നോ?

തരളം, നിൻ ചാരു ഗമനത്തിന്നരുവിയൊരു
സാഗരത്തിരകൾ തൻ ആശ്ലേഷത്തിലലിയുവതെന്നോ?